പിഷാരോടി സമാജം പ്രസിദ്ധീകരണം

# തുളസീദളം

₹ 15.00
ഏപ്രിൽ 2019



Kottakkal
ayurveda



Ayurvedic Hospital & Research Centre, Delhi
(Tel. No. 011 22106500)



Ayurvedic Hospital & Research Centre, Trikkakkara (Kochi)
(Tel. No. 0484 2554000)



Ayurvedic Hospital & Research Centre, Aluva
(Tel. No. 0484 2839076)

# കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം

- കോട്ടയ്ക്കലും ഡൽഹിയിലും ആലുവയിലും കൊച്ചിയിലും (തൃക്കാക്കര) ആശുപത്രികൾ
- കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ
- കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ
- അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ
- ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ
- ഔഷധത്തോട്ടങ്ങൾ
- ഔഷധസസ്യഗവേഷണകേന്ദ്രം
- ആയുർവേദപഠനസൗകര്യങ്ങൾ
- 27 ശാഖകൾ, 1500–ൽപരം അംഗീകൃത വിതരണക്കാർ
- പി.എസ്.വി. നാട്യസംഘം
- വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം



Ayurvedic Hospital & Research Centre, Kottakkal
(Tel. No. 0483 2808000)

ആയുർവേദത്തിന്റെ ആധികാരികമാർഗ്ഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902 കോട്ടയ്ക്കൽ–676 503, കേരളം



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com www.aryavaidyasala.com

**Our Branch Clinics across the country**

**Adoor**- 04734 220440, **Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Indore** - 0731 2513335, **Jamshedpur** - 0657 6544432, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode(Kallai Road)** - 0495 2302666, **Kozhikode(Mananchira)** - 0495 2720664, 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24016879, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad(Vadakanthara)** - 0491 2502404, **Palakkad(Town)** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

# തുളസീദളം

*പിഷാരോടി സമാജം പ്രസിദ്ധീകരണം*

**2019 ഏപ്രിൽ**

**പുഷ്പം 40 / ദളം 1**

**1194 മീനം-മേടം**



## പത്രാധിപസമിതി

ഉപദേശകസമിതി

**ശ്രീമതി എ.പി. സരസ്വതി**
**ശ്രീമതി ജയ നാരായണൻ പിഷാരോടി**

ചീഫ് എഡിറ്റർ:
**ശ്രീമതി രമ പ്രസന്ന പിഷാരോടി**

എഡിറ്റർ: **ശ്രീ. ഗോപൻ പഴുവിൽ**

സബ്ബ് എഡിറ്റർ:
**ശ്രീ. ജി.പി. നാരായണൻകുട്ടി**

പത്രാധിപസമിതിയംഗങ്ങൾ

**ശ്രീ. മുരളി മാന്നന്നൂർ**
**ശ്രീ. ബാബു നാരായണൻ**
**ശ്രീ. അനിൽ പിഷാരത്ത്**
**ശ്രീ. കെ.എൻ. വിജയൻ**
**ശ്രീ. രാമചന്ദ്രൻ മാങ്കുറ്റിപ്പാടം**

മാനേജർ: **ശ്രീ. പി. മോഹനൻ**

അസിസ്റ്റന്റ് മാനേജർ:
**ശ്രീ. കെ.പി. ഗോകുലകൃഷ്ണൻ**

കവർ ഡിസൈനിംഗ്:
**ശ്രീ. രാജൻ രാഘവൻ**
**(സിതാര, കൊടകര)**



Head Office : Udayanagar, Ayyanthole,
Thrissur-680 003, Kerala, India.
Ph : 0487-2384597
e-mail : mail@pisharodysamajam.com



Visit our website :
www.pisharodysamajam.com

വരിസംഖ്യ ഒരു വർഷത്തേക്ക് : 150 രൂപ
-do- വിദേശത്തേക്ക് : 1500 രൂപ


> "അകലെ വസിയ്ക്കുമ്പോഴും
> അകമലരിൽ കരുതേണം
> അമ്പലമണിതൻ നാദം
> 'തുളസീദള' സൌരഭ്യം"

## ദളസുഗന്ധം


പത്രാധിപക്കുറിപ്പ്.....................................4

**ലേഖനം**
വിഷുക്കാഴ്ച.............................................5
എ.പി. സരസ്വതി

**ഭക്തി**
കണ്ണാ കാത്തരുളേണമേ...........................7
കുട്ടികൃഷ്ണ പിഷാരോടി

**വംശവൃക്ഷത്തണലിൽ**
ഞങ്ങളുടെ അപ്ഫൻ...............................8
സുരേഷ്കുമാർ വിളയിൽ

**വീക്ഷണം**
സ്ത്രീ.................................................10
സതി, ചെറുകാട്ടുപിഷാരം

**നിരീക്ഷണം**
കഴുത ഒരു അത്ഭുത മൃഗം.............................15
അരവിന്ദാക്ഷൻ സേലം

**അനുസ്മരണം**
പ്രസന്ന പ്രസന്നവതിയായി...........................18
രാഗിണി പിഷാരത്ത്

**സിനിമ**
ഇളയരാജ.............................................19

**കവിത**
ആമയും മുയലും......................................21
ശ്രീജ നന്ദകുമാർ

**കവിത**
ഇരുളിൽ മറഞ്ഞ വെള്ളിനക്ഷത്രം.....................23
ഓമന, കാറൽമണ്ണ

വൈവാഹികം.........................................24

ശാഖാവാർത്തകൾ......................................25

ആദരാഞ്ജലികൾ......................................37

# ഹോ... എന്തൊരു ചൂട്...!

**മാ**ർച്ചിൽ കേരളം ഏറ്റവും കൂടുതൽ പറഞ്ഞ വാചകം. മലയാളത്തിന്റെ പരിചയാനുഭവങ്ങൾക്കപ്പുറം ചൂടേറുകയാണ്. സംസ്ഥാനത്തെ ഒട്ടുമിക്ക ജില്ലകളിലും ആരോഗ്യ മുന്നറിയിപ്പുകൾ. ദിവസവും വർദ്ധിച്ചുവരുന്ന സൂര്യാതപം അല്ലെങ്കിൽ സൂര്യാഘാത വാർത്തകൾ. മൂന്നു നാലു ലിറ്റർ വെള്ളം കുടിക്കണം. നിർജ്ജലീകരണം ഒഴിവാക്കണം. 11 മുതൽ 3 വരെ വെയിലേൽക്കരുത്. എല്ലാ മാധ്യമങ്ങളിലൂടെയും പൊതു ജനങ്ങളിൽ ഇക്കാര്യത്തിൽ ഇങ്ങനെയെല്ലാമുള്ള പരമാവധി ബോധവൽക്കരണങ്ങൾ നടക്കുന്നുണ്ട്. പക്ഷിമൃഗാദികളെയും കൃഷിയെയുമൊക്കെ അതിതാപം ബാധിച്ചു കഴിഞ്ഞു. വനങ്ങളിലടക്കം തീപിടിത്ത വിവരങ്ങൾ നിത്യേനയെന്നോണം വന്നുകൊണ്ടിരിക്കുന്നു. കാട്ടുമൃഗങ്ങൾ നാട്ടിലേക്കിറങ്ങുന്നു. ഒരു വൻപ്രളയത്തിനു (അതും മറ്റൊരു നവ്യാനുഭവം) ശേഷം കേരളം കരയേറി വരുന്നതേയുള്ളൂ. കാലാവസ്ഥാവ്യതിയാനം ഇനിയൊരു യാഥാർത്ഥ്യമായി നമ്മുടെയും മുന്നിലുണ്ടാകും എന്ന് തീർച്ചയാണ്.

പ്രകൃതി ഏറ്റവും അനുഗ്രഹിച്ച നാടെന്ന് എന്നും കേരളം അഭിമാനം കൊള്ളാറുണ്ട്. എന്നാൽ അഭിമാനമേൽക്കുന്നതോടൊപ്പം ആ അനുഗ്രഹത്തെ അവഗണിക്കുകയും തിരിച്ച് പ്രകൃതിക്ക് ദോഷവും നാശവും തീർക്കാൻ അറിഞ്ഞോ അറിയാതെയോ പ്രവർത്തിക്കുകയും ചെയ്തവരല്ലേ നമ്മൾ. നമ്മുടെ ഋതുഭേദങ്ങൾക്ക് എത്ര കൃത്യനിഷ്ഠതയായിരുന്നു എന്ന് ഓർത്തിട്ടുണ്ടോ. അതെ. ഗ്രീഷ്മവും വർഷവും വസന്തവും ശരത്തും ശിശിരവും ഹേമന്ദവുമൊക്കെ പ്രകൃതി തന്നെ നിർമ്മിച്ച കാലത്തിന്റെ കൃത്യമായ ടൈംടേബിളായിരുന്നു. അതിൽ മാറ്റങ്ങളുണ്ടാക്കിയത് നമ്മളാണ്. സർവ്വജ്ഞരായ നമ്മൾ. സർവ്വോപദേശികളായ നമ്മൾ. കൃഷിയിടങ്ങൾ മെട്രോസിറ്റികളാക്കി, വനഭൂമികൾ പട്ടണങ്ങളാക്കി... അങ്ങനെയങ്ങനെ മണ്ണിനെ, ജലത്തെ, ഭൂമിയെ നമ്മൾ കാൽക്കീഴിൽ ഞെരിച്ചുടക്കുകയായി. ഇന്ന് പ്രകൃതി തന്നെ തിരിച്ച് ദൃഷ്ടാന്തം കാണിക്കാൻ തുടങ്ങിയിരിക്കുന്നു. ഓർമ്മപ്പെടുത്തൽ, മുന്നറിയിപ്പ്. അകലെയെവിടെയോ നിന്ന് ഇഞ്ചക്കാട് ബാലചന്ദ്രന്റെ കവിതാവരികൾ ഉയരുന്നുണ്ട്. “ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമോ...?” സത്യത്തിൽ ഈ തലമുറയുടെ കാര്യം തന്നെ ആ വരികളിൽ അലിഞ്ഞു തീരുകയാണ്.

പരീക്ഷാച്ചൂടവസാനിച്ചു. കുട്ടികൾക്കിനി കാത്തിരിപ്പിന്റെ കാലം. പക്ഷെ രാജ്യമിപ്പോൾ തെരഞ്ഞെടുപ്പിന്റെ ചൂടിലമർന്നിരിക്കുന്നു. മെയ് അവസാനം തെരഞ്ഞെടുപ്പ് കഴിഞ്ഞാലും ആ ചൂട് പിന്നെയും നീണ്ടു നിൽക്കും. വിഷുവിങ്ങെത്തി. പകലിരവുകളൊന്നാകുന്ന, കാർഷിക വിളകളുടെ പ്രിയ മാസം. കണിക്കൊന്ന നേരത്തെ പൂക്കുന്ന പുതിയ പതിവ് ഇക്കുറിയും ആവർത്തിച്ചിരിക്കുന്നു. മദ്ധ്യവേനലവധികൾ ഉത്സവങ്ങളുടേതു കൂടിയാണ്. നാടിന്റെ താളമിപ്പോൾ ചെണ്ടയുടെയും തിമിലയുടെയും ഇലത്താളത്തിന്റെയുമെല്ലാമാണ്.

ചൂടകന്ന് കുളിർ ചൊരിഞ്ഞ് ഏപ്രിൽ സൗഖ്യം തരട്ടെ. ഏവർക്കും വിഷു ആശംസകൾ.

പത്രാധിപസമിതി.

ലേഖനം

# വിഷുക്കാഴ്ച



**എ.പി. സരസ്വതി**

**അ**യനേ ദ്വേ ഗതിരുദഗ്ദക്ഷിണാർക്കസ്യ വത്സരഃ
സമരാത്രിന്ദിവേ കാലേ വിഷുവദ്‌വിഷുവം ച തത്.

സൂര്യന്റെ ഉത്തരദക്ഷിണ ഗതിയോടുകൂടിയ രണ്ട് അയനങ്ങളാണ് ഒരു സൗരവത്സരം എന്ന് വിളിക്കപ്പെടുന്നത്. ഉത്തരായണവും ദക്ഷിണായനവുമാണവ. ഒരു വത്സരത്തിൽ രണ്ടു ദിവസങ്ങളിൽ രാവും പകലും തുല്യമായിരിക്കും. ആ ദിവസങ്ങളെ വിഷുവത്, വിഷുവം എന്നൊക്കെ പറയുന്നു. മേടം, തുലാം എന്നീ മാസങ്ങളിലെ ആദ്യ ദിനത്തിലാണ് ഇങ്ങനെ വരുന്നത്. സൂര്യൻ മേടം രാശിയിലേക്ക് പ്രവേശിക്കുന്ന മേടം ഒന്നാം തീയതിയാണ് കേരളീയരായ നാം വിഷുവായി ആഘോഷിക്കുന്നത്. വർഷാരംഭമായി നമ്മൾ ആഘോഷിക്കുന്ന ഈ ദിവസം തന്നെ ഭാരതത്തിൽ പലയിടത്തും പലപേരുകളിൽ ആഘോഷങ്ങൾ നടക്കുന്നുണ്ട്. ബിത്തു, വൈശാഖി, ഉഗാദി, പൊങ്കൽ, വിഷുവം എന്നിവയാണവയിൽ ചില പേരുകൾ.

വർഷാരംഭത്തിൽ നല്ല വസ്തുക്കൾ കണികണ്ടുണരുന്നത് വരാൻ പോകുന്ന നാളുകൾ സമ്പൽസമൃദ്ധമാക്കുമെന്നൊരു വിശ്വാസം നമ്മൾക്കുണ്ടല്ലോ. അതുകൊണ്ടുതന്നെ വിഷുപ്പുലരിയിൽ അഷ്ടമംഗല്ല്യവും മാങ്ങ, ചക്ക, വെള്ളരിക്ക, വാഴപ്പഴം എന്നീ ഫലവർഗ്ഗങ്ങൾ, സ്വർണ്ണനിറമാർന്ന കൊന്നപ്പൂങ്കുലകൾ, സ്വർണ്ണാഭരണങ്ങൾ, വെള്ളിനാണയങ്ങൾ എന്നിവയെല്ലാം ഒരു ഓട്ടുരുളിയിൽ മനോഹരമായി ഒരുക്കിവെച്ച് നാളികേരമുറികളിൽ തിരിവെച്ച് കൊളുത്തി അഞ്ചുതിരിയിട്ടു കത്തിച്ച നിലവിളക്കും വെച്ച് ചന്ദനത്തിരിയുടെ സുഗന്ധം പരത്തി ബാലഗോപാലവിഗ്രഹവും പ്രതിഷ്ഠിച്ച് ഉണർന്നാലും കണ്ണു തുറക്കാതെ അലക്കിയതു ചുറ്റി വെള്ളം തൊട്ട് കാലും മുഖവും ശുദ്ധമാക്കി കണി കാണുന്നത് മഹാഭാഗ്യമായി കരുതുന്നവരാണ് കേരളീയർ. അതിനു ശേഷം ഗൃഹനാഥൻ കുടുംബാംഗങ്ങൾക്കെല്ലാം



വിഷുക്കൈനീട്ടം നൽകി അനുഗ്രഹിക്കുന്നു. വർഷാവസാനംവരെ സാമ്പത്തിക ബുദ്ധിമുട്ടുകൾ വരാതിരിക്കാനാണീ അനുഗ്രഹം. കൊടുക്കുന്നതും വാങ്ങുന്നതും ഉള്ളുനിറഞ്ഞ പ്രാർത്ഥനയോടെയാകണം. പണത്തിനു വിലയുണ്ടായിരുന്ന ഞങ്ങളുടെ കുട്ടിക്കാലത്തൊക്കെ ഒരു മുക്കാൽ, അരയണ, ഒരണ, നാലണ ഇതൊക്കെയായിരുന്നു വിഷുക്കൈനീട്ടം തന്നിരുന്നത്. അതൊരു നിധിയായിട്ടാണ് ഞങ്ങൾക്കനുഭവപ്പെട്ടിരുന്നത്. ഇന്നിപ്പോൾ അഞ്ഞൂറായാലും ആയിരമായാലും ആർക്കും വലിയ വിലയൊന്നുമില്ല.

മറ്റു സംസ്ഥാനങ്ങളിലെല്ലാം ദീപാവലിക്കാണ് പടക്കവും മറ്റും പൊട്ടിക്കുന്നതെങ്കിൽ കേരളീയർക്കത് വിഷുവിനാണ്. കമ്പിത്തിരി, മത്താപ്പ്, പൂത്തിരി, ചക്രം, ലാത്തിരി, പൂക്കുറ്റി അങ്ങനെ പല വർണ്ണങ്ങളിൽ പ്രകാശം പരത്തുന്നവ, ശബ്ദഘോഷമുയർത്തി നാലുപാടും പ്രകമ്പനം കൊള്ളിക്കുന്ന ഓലപ്പടക്കം, മാലപ്പടക്കം എന്നിവയെല്ലാം കുട്ടികൾക്ക് എന്നും ഹരം തന്നെയാണ്.

ഉച്ചയാവുമ്പോഴേക്കും മാമ്പഴപ്പുളിശ്ശേരിയുടെയും ചക്ക എരിശ്ശേരിയുടെയും കാച്ചിയ പപ്പടത്തിന്റെയും സുഗന്ധം നമ്മെ അടുക്കളയിലേക്ക് ക്ഷണിക്കുന്നു. സുഖമായൊരു സദ്യ! സദ്യ

കഴിഞ്ഞാൽ എല്ലാവരും പറയുന്നതു കേൾക്കാം. "അങ്ങനെ ഇക്കൊല്ലത്തെ വിഷുവും കഴിഞ്ഞു". (പ്രായമായവരുടെ ഡയലോഗാണേ...)

കാർഷിക കേരളത്തിന്റെ കൃഷിയുത്സവം കൂടിയാണിത്. വിളവിറക്കാനുള്ള സമയം! മഴക്കാലത്തിന്റെ വരവാണിനി. മഴയെ ആശ്രയിച്ച് കൃഷി നടത്തുന്ന നമുക്കിനി പ്രയത്നത്തിന്റെ നാളുകളാണ് (ആർക്ക്?)

പഴയ ഓർമ്മകളിലേക്കു പോയതുകൊണ്ടാണോ ഞാനിങ്ങനെയൊക്കെ എഴുതിയത്? ചിലർക്കൊക്കെ അങ്ങനെ തോന്നുന്നുണ്ടാവാം. പക്ഷെ ഞാൻ പറഞ്ഞ പോലെയൊക്കെ വിഷുവിനെ കാണുന്നവരും ഓർക്കുന്നവരുമായ കുറച്ചു പേരൊക്കെ ഇപ്പോഴും ഈ കൊച്ചു നാട്ടിലുണ്ട്. കണ്ണികൾ മുഴുവനായും അറ്റിട്ടില്ല, ബലക്ഷയമുണ്ടെങ്കിലും. അതുകൊണ്ടല്ലേ വിത്തും കൈക്കോട്ടും എന്നുപാടുന്ന വിഷുപ്പക്ഷി, വിഷുക്കണി, വിഷുസംക്രാന്തി, വിഷുക്കഞ്ഞി, വിഷുക്കട്ട, വിഷുക്കൈനീട്ടം, വിഷുപ്പടക്കം എന്നീ പദങ്ങളൊക്കെ ഇന്നും ഇടക്കെങ്കിലുമൊക്കെ കേൾക്കുന്നത്?

പുണ്യദർശനം കൊണ്ട് കണ്ണിനും ശബ്ദഘോഷംകൊണ്ട് കാതിനും സുഗന്ധം കൊണ്ട് നാസികക്കും അനുഗ്രഹസ്പർശം കൊണ്ട് ത്വക്കിനും സദ്യയിലൂടെ രസനക്കും സംതൃപ്തിയേകുന്ന, അങ്ങനെ പഞ്ചേന്ദ്രിയ രസാനുഭൂതിയരുളുന്ന വിഷുദിനം നമുക്കേവർക്കും സമൃദ്ധിയുടെ നൂറു നൂറു പൊൻകതിരുകൾ വിളയിക്കട്ടെ! ●

### കണിക്കൊന്നയുടെ മനോഗതം

മീനമാസത്തിൽത്തന്നെ മേടത്തിൽ ചൂടെന്നോർത്തി-
ട്ടുല്ലാസമോടിന്നാകെ പൂത്തുലഞ്ഞല്ലോ ഞാനും
വിഷുവിൻകാലം വന്നാലന്നേക്കു വീണ്ടും പൂക്കാ-
നാകുമോ? ചിന്തിച്ചെന്റെ മാനസം വിങ്ങീടുന്നു.

---

# വായനക്കാരുടെ ശ്രദ്ധക്ക്

തുളസീദളം പ്രസിദ്ധീകരണത്തെപ്പറ്റിയോ, തുളസീദളം വരിക്കാർക്ക് ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച അഭിപ്രായങ്ങളോ പരാതികളോ, ഒന്നും ഫേസ്ബുക്ക് പോലുള്ള മാധ്യമങ്ങളിൽ കൂടി പ്രചരിക്കുവാൻ ഇടവന്ന് കൂടാത്തതാണ്. ബന്ധപ്പെട്ട ഇ-മെയിൽ, ഫോൺ എന്നിവയിൽ കൂടി വിവരം കൈമാറുവാൻ അഭ്യർത്ഥിക്കുന്നു.

തുളസീദളത്തിൽ പ്രസിദ്ധീകരിക്കുന്ന വൈവാഹിക പരസ്യങ്ങൾക്ക് 800 രൂപയായി 2019 ഫെബ്രുവരി മുതൽ ചാർജ്ജ് വർദ്ധിപ്പിക്കുകയും തുടർച്ചയായ രണ്ട് മാസങ്ങളിൽ മാറ്റർ പരസ്യം ചെയ്യുവാനും നിശ്ചയിച്ചിരുന്നു. ഇപ്രകാരം അടുത്തടുത്ത രണ്ട് മാസങ്ങളിൽ പരസ്യം ചെയ്യുന്നത് ഒഴിവാക്കി മൂന്ന് മാസത്തിന് ശേഷം ആവശ്യപ്പെടുന്നവരുടെ മാത്രം വീണ്ടും പരസ്യം ചെയ്യുന്നതാണ് അഭികാമ്യം എന്ന് പലരും അഭിപ്രായപ്പെടുകയുണ്ടായി. സ്വാഗതാർഹമായ ഈ അഭിപ്രായം 2019 ഏപ്രിൽ മുതൽ നടപ്പിലാക്കുന്ന വിവരം ഏവരേയും അറിയിക്കുന്നു.

തുളസീദളത്തിലേക്കുള്ള പരസ്യങ്ങൾ, വരിസംഖ്യ എന്നിവക്കുള്ള തുക ബാങ്ക് വഴി അടക്കുന്നവർ തുളസീദളം മാനേജരുടെ 9895048943 എന്ന ഫോൺ നമ്പറിലേക്ക് കൂടി അറിയിക്കുവാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ തുളസീദളം പ്രസിദ്ധീകരണം നഷ്ടം കൂടാതെ മുന്നോട്ട് കൊണ്ടുപോകാൻ സഹായിച്ച പിഷാരോടി കുടുംബങ്ങൾ, ശാഖാ ഭാരവാഹികൾ, തുളസീദളത്തിനു ആവശ്യമായ മികച്ച രചനകൾ അയച്ചു തന്നവർ, പരസ്യം, സ്പോൺസർഷിപ്പ് നൽകിയ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരോട് നന്ദി അറിയിക്കുന്നതോടൊപ്പം എല്ലാവിധ സഹകരണങ്ങളും തുടർന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,
മാനേജർ, തുളസീദളം

ഭക്തി

# കണ്ണാ കാത്തരുളേണമേ

കുട്ടികൃഷ്ണ പിഷാരോടി

കണ്ണാ കണ്ണാ കഴലിണ തൊഴുന്നേൻ
കരുണാകരാ... കാത്തരുളേണേ കണ്ണാ...

കണ്ണാ കണ്ണാ കഴലിണ തൊഴുന്നേൻ
കരുണാകരാ... കാത്തരുളേണേ കണ്ണാ...

കമലദളനയനാ കാർമുകിൽ വർണ്ണാ
കമലദളനയനാ കാർമുകിൽ വർണ്ണാ
കരളിൽ നീ നിത്യം കണികാണേണം

കണ്ണാ കണ്ണാ കഴലിണ തൊഴുന്നേൻ
കരുണാകരാ... കാത്തരുളേണേ കണ്ണാ...

കനക ചിലങ്കതൻ ഘണ ഘണരവവും
കിലു കിലു കിലുങ്ങും കിങ്ങിണി നാദവും
കനക ചിലങ്കതൻ ഘണ ഘണരവവും
കിലു കിലു കിലുങ്ങും കിങ്ങിണി നാദവും

കേട്ടു കേട്ടു ഞാൻ പദമണയേണമേ
കേട്ടു കേട്ടു ഞാൻ പദമണയേണമേ
കീർത്തന പ്രിയ കീർത്തി മുകുന്ദ

കണ്ണാ കണ്ണാ കഴലിണ തൊഴുന്നേൻ
കരുണാകരാ... കാത്തരുളേണേ കണ്ണാ...


## ഗുരുവായൂർ ഗസ്റ്റ്ഹൗസ് അറിയിപ്പ്

# ഇനി ഓൺലൈൻ ബുക്കിംഗും

റെസ്റ്റോറന്റ്, ലിഫ്റ്റ്, എസി/നോൺ എസി റൂമുകൾ, ചൂടുവെള്ളം തുടങ്ങി ഒരു എ ക്ലാസ്സ് ഗസ്റ്റ് ഹൗസിനോടു കിടനിൽക്കാവുന്നവിധം ഗുരുവായൂരിൽ നമ്മുടെ ഗസ്റ്റ്ഹൗസ് സജ്ജമായിരിക്കുന്നു എന്ന് എല്ലാവർക്കുമറിവുള്ളതാണല്ലോ. നിങ്ങളോരോരുത്തരുടെയും പൂർണ്ണ സഹകരണങ്ങളാൽ മാത്രമാണ് നമുക്കിത് നേടിയെടുക്കാനായത് എന്ന് നന്ദിയോടെ സ്മരിക്കുന്നു.

ഓൺലൈൻ ബുക്കിംഗ് സംവിധാനമൊരുക്കി നമ്മൾ വീണ്ടും ഒരുപടികൂടി ഉയർന്നിരിക്കുന്നു എന്ന് സന്തോഷപൂർവ്വം അറിയിക്കുന്നു. ഇനി നിങ്ങൾക്കെവിടെയിരുന്നും നമ്മുടെ വെബ്സൈറ്റിലൂടെ ഗസ്റ്റ്ഹൗസിൽ മുറി ബുക്ക് ചെയ്യാം.

വെബ്സൈറ്റ് അഡ്രസ്സ്:
www.pisharodyptdt.com
Mob: 9447085983

വീണ്ടും സർവ്വസഹകരണ പ്രതീക്ഷകളോടെ,

**കെ.പി. ഗോപകുമാർ**
സെക്രട്ടറി, PP & TDT



# ഞങ്ങളുടെ അപ്ഫൻ, നിങ്ങളുടെ പി.ആർ., അവരുടെ ഷാരടിമാഷ്

**സുരേഷ്ബാബു, വിളയിൽ**

**നീണ്ടകാലം പിഷാരോടി സമാജത്തിന്റെ വൈസ് പ്രസിഡണ്ടായിരുന്നു പി.ആർ. പിഷാരോടി. പിന്നീട് എല്ലാവരുടെയും നിർബ്ബന്ധപ്രകാരം പ്രസിഡണ്ടായി. രണ്ടുവർഷക്കാലം കഴിഞ്ഞപ്പോൾ പ്രസിഡണ്ട് സ്ഥാനം തുടരാൻ സകലരും നിർബ്ബന്ധിച്ചെങ്കിലും സ്നേഹപൂർവ്വം നിരസിക്കുകയാണ് ചെയ്തത്. മരണം വരെയും സമാജത്തിന്റെ രക്ഷാധികാരിയായിരുന്നു.**

## സഖാവ് പി.ആർ.പി.

**അ**പ്ഫൻ ചെറുപ്പം മുതലേ കമ്മ്യൂണിസ്റ്റുകാരനായിരുന്നു. പാർട്ടി നിരോധിക്കപ്പെട്ട കാലത്തും പ്രവർത്തനം തുടർന്നു. സുഹൃത്തായ കൊട്ടപ്പുറത്ത് വേലായുധൻ നായരുടെ കൂടെ ഇ. എം.എസ്. മുതലായ നേതാക്കൾക്ക് ഒളിത്താവളമൊരുക്കുന്നതിലും ഭക്ഷണമെത്തിച്ചു കൊടുക്കുന്നതിലും സജീവ പങ്ക് വഹിച്ചു. പുഴക്കക്കരെയുള്ള ചെമ്പാഴിപുറത്തും രായിൻകുത്ത് മലവാരങ്ങളിലും സഖാക്കൾക്ക് ഒളിത്താവളമൊരുക്കി കണ്ണിമയ്ക്കാതെ അവരുടെ കാവലാളായി.



രാത്രി സമയങ്ങളിലെപ്പോഴെങ്കിലും വന്നു കയറിയാൻ കഴിച്ചോട്ടെ എന്ന് കരുതി ജനലരികിൽ ചോറ് ഉരുളകളാക്കി വെച്ച് അപ്ഫന്റെ അമ്മ ഉറങ്ങാതെ കാത്തിരിക്കും. എന്തിനാ ഉരുളയാക്കി വെക്കുന്നത് എന്ന് ഞാനൊരിക്കൽ ചോദിച്ചപ്പോൾ ആ കണ്ണു നിറഞ്ഞു. കണ്ഠമിടറിക്കൊണ്ട് പറഞ്ഞു: "ചോറ് ഉണ്ണുമ്പം ഉരുളയുരുട്ടാൻ കുറച്ചെങ്കിലും നേരം വേണ്ടേ? അതിനുള്ള താമസം കൂടി ഇല്ലാതെന്റെ വിശപ്പ് മാറട്ടെന്ന്... അമ്മ... കരുതീട്ടുണ്ടാവും." വാൽസല്യനിധിയായ അമ്മയെ കുറിച്ചോർത്ത് അപ്ഫൻ നെടുവീർപ്പിടും. ആ ഭാവം കാണുമ്പോൾ ഞങ്ങളുടെ കണ്ണും നിറഞ്ഞൊഴുകും. അപ്ഫനപ്പോൾ വിഷയം മാറ്റും. പക്ഷെ ഞങ്ങളാ കഥ തന്നെ കേൾക്കാൻ നിർബന്ധം പിടിക്കും.

പലവട്ടം പോലീസുകാർ അപ്ഫനേയും അന്വേഷിച്ച് ഷാരത്തെത്തി. കിട്ടിയില്ല. അവർ വേലായുധൻ നായരെ അറസ്റ്റ് ചെയ്തു കൊണ്ടുപോയി. വിവരമറിഞ്ഞ് അപ്ഫന്റെ ജ്യേഷ്ഠൻ (ഞങ്ങളുടെ മുത്തച്ഛൻ) കോഴിക്കോട്ട് നിന്നും സ്ഥലത്തെത്തി. മുത്തച്ഛൻ കോഴിക്കോട് ഗണപത് സ്കൂളിലെ അധ്യാപകനായിരുന്നു. തിരിച്ചു പോകുമ്പോൾ അപ്ഫനേയും കൂടെ കൂട്ടി. കുറച്ചു നാൾ അക്ഷരാർത്ഥത്തിൽ തന്നെ ജ്യേഷ്ഠന്റെ തടങ്കലിലായി. പിന്നെ പാലക്കാട് കൊണ്ടുപോയി അധ്യാപകപരിശീലനത്തിന് (ടി.ടി.സി.) ചേർത്തു.

അപ്ഫന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു ഇത്. ട്രെയിനിംഗ് കഴിഞ്ഞ ഉടനെ തന്നെ ജോലിയും കിട്ടി. പ്രൊബേഷൻ കഴിയുന്നത് വരെയെങ്കിലും പാർട്ടി പ്രവർത്തനം വേണ്ടെന്ന ജ്യേഷ്ഠന്റെ നിർദ്ദേശം ശിരസാവഹിച്ചു. പാർട്ടി പ്രവർത്തനം അവസാനിപ്പിച്ചുവെങ്കിലും പാർട്ടി ക്ലാസ്സുകളിൽ നിന്ന് കിട്ടിയ 'കമ്യൂൺ' എന്ന ആശയം കൈവിട്ടില്ല. ഇതായി

രിക്കും അദ്ദേഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുണ്ടാവുക എന്ന് ഞാൻ കരുതുന്നു. തന്റെ സഹജീവികളെയെല്ലാം ഒരൊറ്റ കമ്യൂൺ ആയാണ് അദ്ദേഹം കണ്ടത്. അതുകൊണ്ടുതന്നെയാവും ജീവിതാന്ത്യം വരെ എല്ലാവരേയും തനിക്ക് ചുറ്റും നിർത്താനും സ്നേഹംകൊണ്ട് ബന്ധിപ്പിക്കാനും കഴിഞ്ഞത്. തറവാട്ടു സ്വത്ത് ഭാഗം വെച്ച് പിരിയുമ്പോൾ തന്നെ ഹൃദയബന്ധവും പിരിയുന്ന, മരുമക്കത്തായത്തിൽ നിന്നും മക്കത്തായത്തിലേക്കു സംക്രമണം നടക്കുന്ന ആ കാലഘട്ടത്തിൽ അപ്ഫൻ വേറിട്ട വഴിയിലൂടെ സഞ്ചരിച്ചു.

വാർദ്ധക്യത്തിൽ പരസഹായം കൂടാതെ യാത്ര ചെയ്യാൻപോലും കഴിയാതായപ്പോഴും ബന്ധുമിത്രാദികളെ കാണാൻ ആ മനസ്സ് കൊതിച്ചു. തന്നെ വന്നു കാണാത്തതിന് ഇഷ്ടമുള്ളവരെയെല്ലാം കണക്കറ്റ് ശകാരിക്കും. ആവുന്ന കാലത്ത് താൻ ചെയ്ത പോലെ മറ്റാരും ചെയ്യുന്നില്ലല്ലോ എന്ന് പറഞ്ഞ് വ്യാകുലപ്പെടും.

ഏത് സദസ്സിൽ ചെന്നാലും അപ്ഫനെ അറിയാത്തവരുണ്ടാവില്ല. ഞങ്ങളെയാരെയെങ്കിലും കണ്ടാൽ ചേർത്തു പിടിച്ച് അഭിമാനത്തോടുകൂടി മറ്റുള്ളവർക്ക് പരിചയപ്പെടുത്തി കൊടുക്കും. ആ പെരുമാറ്റം ഞങ്ങളുടെയെല്ലാം ഉള്ളിൽ നിറച്ച ആത്മവിശ്വാസം എത്രയെന്ന് കണക്കാക്കാനാവില്ല. ആ മേൽവിലാസത്തിൽ ഏത് സദസ്സിലും തലയെടുപ്പോടെ കേറിച്ചെല്ലാനും ഞങ്ങൾ ധൈര്യപ്പെട്ടു.

## പ്രകാശമന്ദിരത്തിലെ അമ്മ

അപ്ഫന്റെ ഭവനമായ പ്രകാശമന്ദിരം ഞങ്ങൾക്കും കൂടി അവകാശപ്പെട്ടതായിരുന്നു. സ്വന്തം വീട്ടിൽ പോലും കിട്ടാത്ത സ്വാതന്ത്ര്യം ഞങ്ങൾ അവിടെ അനുഭവിച്ചു. ഒഴിവുദിനങ്ങളിൽ ആ വീടിനുള്ളിലും പരിസരത്തും കളിച്ചു തിമർത്തു. അവിടത്തെ തത്തയും പൂച്ചകളും നായയും ഞങ്ങൾക്കൊപ്പം ബഹളം കൂട്ടി. അപ്ഫന്റെ മക്കളായ രാമകൃഷ്ണേട്ടനും ഉണ്ണ്യേട്ടനും (ജയപ്രകാശ്) എല്ലാ കളിയിലും ഒപ്പം കൂടും. ശാരദപ്പോളുടേയും ഇന്ദിരപ്പോളുടേയും കൂടെ കാരംസ് കളിക്കും. തായവും ചെസ്സും കാർഡ്സും ക്രിക്കറ്റുമായി സമയം പോണതറിയാതെ അവിടെ തന്നെ തമ്പടിക്കും. അരീക്കോട് ഐ.ടി.ഐയിൽ പഠിക്കുന്ന ബന്ധുക്കളാരെങ്കിലും അവിടെ സ്ഥിരതാമസമായുണ്ടാകും. എന്നും ഉത്സവപ്രതീതിയാണവിടെ. പത്ത് പതിനഞ്ച് പേരോളം ദിവസവും അവിടെ കാണും. അവർക്കെല്ലാം ഞങ്ങളുടെ ചെറിയമ്മ (കൊടിക്കുന്നത്ത് ശ്രീദേവി പിഷാരസ്യാർ - അപ്ഫന്റെ സഹധർമ്മിണി) പരിഭവം പറയാതെ വെച്ചുവിളമ്പും. അവരുടെ കൈകൊണ്ട് വിളമ്പി തന്ന ഭക്ഷണം ഞാനെത്ര കഴിച്ചിട്ടുണ്ടാവും? സ്വന്തം പേര് തന്നെ അന്വർത്ഥമാക്കിയ അവർ ഞങ്ങൾക്കെല്ലാം അമ്മതന്നെയായിരുന്നു. നാലുമണിച്ചായയും കുടിച്ച് അടുക്കളയിൽ നിന്ന് പോകാതെ ഞങ്ങൾ അവിടെതന്നെ ചുറ്റിപറ്റി നിൽക്കും. കാര്യം മനസ്സിലാക്കി ചെറിയമ്മ മെഴുക്കു പുരട്ടിയുണ്ടാക്കിയ ചീഞ്ചട്ടിയിൽ ഉച്ചക്ക് ബാക്കി വന്ന ചോറ് പപ്പടം കാച്ചിയവെളിച്ചെണ്ണയിൽ കൂട്ടി കുഴച്ച് ഉറുളയാക്കി കൈയിൽ തരും. അതിന്റെ രുചി ഇന്നും വെള്ളമൂറ്റിക്കൊണ്ട് നാവിലുണ്ട്. ഉച്ചസമയങ്ങളിൽ ചെറിയമ്മ മൂന്നും കൂട്ടി മുറുക്കി സന്തോഷഭാവത്തിൽ ഉമ്മറത്തെ ചാരുബഞ്ചിൽ ഇടത് വശം ചെരിഞ്ഞ് കിടന്ന് ഞങ്ങളുടെയെല്ലാം വിശേഷങ്ങൾ സശ്രദ്ധം കേൾക്കും. കുറെ നല്ല ഓർമ്മകൾ മാത്രം ബാക്കിവെച്ച് അവരും അപ്ഫനെ അനുഗമിച്ച് യാത്രയായി.

കോളേജ് നാളുകളിൽ നേരം തെറ്റി കയറി വരുമ്പോൾ പാദങ്ങളിലെ വാരിക്കോസ്‌വെയിനിന്റെ വിങ്ങുന്ന വേദന വകവെക്കാതെ ചോറു വിളമ്പി തരും. രണ്ടാമതും ചോറ് വിളമ്പി തന്നതിന് ശേഷമേ കിടക്കാൻ പോകൂ. വല്ലാതെ നേരം വൈകുമ്പോൾ നേതാവായ രാമകൃഷ്ണേട്ടനെ മാത്രം ഇടക്കൊന്ന് ശാസിക്കും. ഞങ്ങളുടെ കുരുത്തക്കേടുകൾ പിന്നെയും തുടരും. ചാലിയാറിൽ നീന്തി തുടിച്ച് നേരം വൈകും. പുഴമാട്ടിൽ ആകാശത്തെ നക്ഷത്രങ്ങളെനോക്കി മലർന്നു കിടക്കും. പിൽക്കാലത്ത് അപ്ഫന്റെ പെൺമക്കളെ വിവാഹം കഴിച്ച അച്ചുവേട്ടനം (സി.പി. അച്ചുതൻ തൃശൂർ), ഗോപാലകൃഷ്ണേട്ടനും (ടി.പി. ഗോപാലകൃഷ്ണൻ ഷൊർണ്ണൂർ) കൂടി സംഘത്തിൽ ചേർന്നപ്പോൾ ഫുൾകോറമായി. കുരുത്തക്കേടുകൾക്ക് ലൈസൻസായി. ഞങ്ങളെല്ലാം ഒരുമിച്ച് അർമാദിച്ച എത്രയെത്ര ഓണക്കാലവും വിഷുക്കാലവും? ഒരു വിഷുത്തലേന്ന് രാത്രി ഉമ്മറത്തിരുന്ന് ശീട്ടുകളിച്ച് നേരം പോയി. കളിയുടെ രസം മുറുകി പാതിരാ കഴിഞ്ഞപ്പോൾ കണികാണണമെങ്കിൽ ഇനി കുറച്ച് ഉറങ്ങിക്കോളിൻ കൂട്ടരെ... എന്ന് പറഞ്ഞ് ശാസിച്ചത് ഓർമ്മയിലുണ്ട്. പുതുതലമുറയുടെ കൗമാരചാപല്യങ്ങളും ആഘോഷവായ്ത്താരികളും കണ്ടും കേട്ടും നിലയുറപ്പിച്ച ഇവരുടെയെല്ലാം സഹിഷ്ണുത നമുക്കുണ്ടോ? ഒരാത്മപരിശോധന ഈ വിഷയത്തിൽ വേണ്ടേ?

വീക്ഷണം

# സ്ത്രീ

**സതി ചെറുകാട്ടുപിഷാരം**

**മ**ഹനീയ ശക്തിക്കുറവിടമാകയാൽ, നിന്നെ മഹിളയെന്നു വിളിച്ചു.

വേദങ്ങളും, പുരാണങ്ങളും ചൊല്ലി, നീ മാനിക്കപ്പെടേണ്ടവളാണെന്ന്, സ്നേഹത്തിന്റെയും സഹനത്തിന്റെയും പ്രതീകമായി സർവ്വം സഹയെന്നുവിളിക്കുന്നതും നിന്നെയല്ലേ?

വിദ്യാരംഗത്തും, തൊഴിൽരംഗത്തും ഒട്ടും പിന്നിലല്ലെന്നും നീ തെളിയിച്ചു. അത്യുന്നതിയിൽ എത്തി നിൽക്കുമ്പോഴും, വൈകാരികചൂഷണം നിന്നെ ആഴങ്ങളിലേക്ക് തള്ളിയിടുന്നു. മകൾ, അമ്മ, സഹോദരി, ഭാര്യ, സഹപ്രവർത്തക എന്നിങ്ങനെ നിന്നെ വിളിക്കുവാൻ പേരുകൾ അനവധി. ഇത് ഇക്കാലത്തിന്റെ മാത്രം പ്രത്യേകതയല്ല. പുരാണങ്ങളിൽ നാം കേട്ടുതഴമ്പിച്ച സ്ത്രീ കഥാപാത്രങ്ങൾ ഒട്ടനവധി. അവരെല്ലാംതന്നെ ശക്തിയുടെ പര്യായമായി വാഴ്ത്തപ്പെടുന്നത് വിവിധ ചൂഷണങ്ങൾക്കിരയായതുകൊണ്ടുതന്നെ.

അനാദികാലം തൊട്ടേ ഈ വിധി ഒരു മായാത്ത മുദ്രയായി നിനക്കു വിധിക്കപ്പെട്ടതാണ്.

മഹനീയ വനിതേ, നിനക്കു മോചനം വേണ്ടത് ഈ ചൂഷണത്തിൽ നിന്നാണ്.

പുരുഷനു ജന്മം നൽകി വളർത്തി ഇത്തരമൊരു വ്യവസ്ഥിതിയിലേക്ക് സമൂഹത്തെ വളർത്തുക നിനക്ക് ദുഷ്ക്കരമല്ല.

## മുത്തച്ഛന്റെ കുഞ്ഞൻ

എന്റെ മുത്തച്ഛന് അദ്ദേഹം കുഞ്ഞനായിരുന്നു. കുഞ്ഞൻ വന്നാൽ എന്തോ സാമ്രാജ്യം വീണുകിട്ടിയ ഭാവമായിരുന്നു അദ്ദേഹത്തിന്. കുഞ്ഞന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി പിന്നാലെ നടക്കും. മുത്തച്ഛന്റെ മുന്നിൽ മാത്രം കാണുന്ന അപ്ഫന്റെ വിനീതവിധേയഭാവവും മാറുന്ന ശരീരഭാഷയും ഞങ്ങൾക്കെല്ലാം നല്ല തമാശയായിരുന്നു. മറ്റുള്ളവരുടെ മുന്നിൽ കണ്ടിട്ടില്ലാത്ത ശ്രോതാവിന്റെ ഭാവം അപ്ഫൻ ജ്യേഷ്ഠന്റെ മുമ്പിൽ മാത്രം എടുത്തണിയുന്നത് കാണാൻ നല്ല രസമാണ്.

വാർദ്ധക്യസഹജമായ രോഗം ബാധിച്ച് എന്റെ മുത്തച്ഛൻ മരണാസന്നനായി കിടന്നപ്പോൾ എവിടെയും പോകാതെ അക്ഷരാർത്ഥത്തിൽ അടുത്തിരുന്ന് അപ്ഫൻ പരിചരിച്ചു. രണ്ടു ദിവസങ്ങൾ മുഴുവനും ബോധരഹിതനായി കിടന്നപ്പോൾ ഒരു വിശറിയുമായി അടുത്തിരുന്നു. ഒരീച്ചപോലും ആ ശരീരത്തിൽ വന്നിരിക്കാൻ അനുവദിച്ചില്ല. മുറിയിൽ പോയി വിശ്രമിക്കാൻ എത്ര പറഞ്ഞാലും കേൾക്കില്ല. രാത്രിയേറെ ചെന്നപ്പോൾ നിർബന്ധം ചെലുത്തി മുറിയിൽ കൊണ്ടുപോയി. കിടക്കയിൽ കാലും തൂക്കിയിരുന്ന് അദ്ദേഹം പറഞ്ഞു.

“നിനക്കറിയോ? അവിടെ കിടക്കുന്നത് എന്റെ ഏട്ടൻ മാത്രമല്ല... ജീവനാ... ഞാനാ പാർട്ടിക്കാരുടെ കൂടെ തലയില്ലാതെ നടന്നപ്പോൾ നിർബന്ധിച്ച് ട്രെയിനിങ്ങിന് ചേർത്തു. അന്ന് ഏട്ടന്റെ ശമ്പളം എത്രാന്നറിയോ? വെറും ആറ് രൂപ. അതിൽ നിന്നും നാലുരൂപ എന്റെ ചിലവിന് തരും. അതുകൊണ്ട് ഇങ്ങനെയൊക്കെ ആയി. ഈ ജീവിതം തന്നെ ഏട്ടൻ തന്നതാ.... ആ ഏട്ടൻ ഇങ്ങനെ കിടക്കുമ്പോൾ ഞാനെങ്ങനെ ഉറങ്ങും?”

ആ സഹോദരസ്നേഹം കണ്ട് കണ്ണുകൾ നിറഞ്ഞു. ഇതല്ലേ യഥാർത്ഥ പിതൃയജ്ഞം? മരിച്ചു കഴിഞ്ഞ് എള്ളും പൂവും ഗവ്യവും വെള്ളത്തിലൊഴുക്കുന്നതിലും വലിപ്പം ഇതിനല്ലേ? ജീവിച്ചിരിക്കുന്ന സമയത്ത് തന്നെ പ്രിയപ്പെട്ടവരെ ശുശ്രൂഷിച്ച് അവരോടുള്ള കടപ്പാട് തീർക്കുന്നതാണ് യഥാർത്ഥ പിതൃയജ്ഞവും നരയജ്ഞവും.

മുത്തച്ഛന്റെ അന്ത്യമുഹൂർത്തത്തിൽ കാശിയിൽ നിന്നും കൊണ്ടുവന്ന ഗംഗാജലം ശീലതിരിയിൽ നനച്ച് ആ ചുണ്ടിൽ ആദ്യം ഉറ്റിച്ചതും അപ്ഫൻ തന്നെയായിരുന്നു. പിന്നെ ഞങ്ങളെക്കൊണ്ടെല്ലാം അതുപോലെ ചെയ്യിച്ചു. ആ ജഡം കിഴക്കോട്ട് തിരിച്ച് പത്മാസനത്തിലിരുത്താൻ വേണ്ട നിർദ്ദേശങ്ങൾ തന്നു. അപൂർവമായ ഒരു സഹോദരബന്ധത്തിന്റെ തീവ്രത ഞങ്ങളന്ന് നേരിൽ കാണുകയായിരുന്നു.

(തുടരും...)

# ഒന്നാം പിറന്നാൾ ആശംസകൾ

(29 മാർച്ച് 2019)

# അഥർവ് പിഷാരോടി

അച്ഛൻ : രാജഗോപാൽ
മണക്കുളങ്ങര പിഷാരം

അമ്മ : ശ്രീദേവി
പിലാപ്പുള്ളി പിഷാരം
വൈറ്റ് ഫീൽഡ്,
ബാംഗ്ലൂർ - 560066

ആശംസകളോടെ:

അമ്മമ്മ : പി. ഗിരിജ

അച്ഛമ്മ : എം.പി. വൽസല

മറ്റു കുടുംബാംഗങ്ങൾ







# ഒന്നാം പിറന്നാൾ ആഘോഷിച്ച

# വൈശാലിക്കുട്ടി

ദിവസം: 12 - 02 - 2019

ഒരായിരം ആശംസകളോടെ,
അച്ഛൻ: ശ്രേയസ്സ് മുരളീധരൻ
അമ്മ: ഡോ. ഉമ മുകുന്ദൻ
അച്ഛച്ഛൻ, അച്ഛമ്മ, മുത്തശ്ശൻ, അമ്മമ്മ

# വിവാഹമംഗളാശംസകൾ




കഞ്ചിക്കോട് തൃപ്പാള്ളൂർ പിഷാരത്ത് ശ്രീ. ഭരത പിഷാരോടിയുടെയും കരിമ്പുഴ പഴയപിഷാരത്ത് ശ്രീമതി രമ പിഷാരസ്യാരുടെയും മകൾ രതിയും പെരുമ്പാവൂർ ശ്രീ. സുബ്രഹ്മണ്യ അയ്യരുടെയും ശ്രീമതി ശാരദാമ്പാളുടെയും മകനുമായ രാമചന്ദ്രനും തമ്മിലുള്ള വിവാഹം 2019 ജനുവരി 27ന് ഞായറാഴ്ച ഗുരുവായൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽവെച്ച് സമംഗളം നടന്നു.

നവദമ്പതികൾക്ക് ആശംസകളോടെ
അപർണ്ണ, കൃഷ്ണ, ഭരത്,
അദിതി, അനയ്‌വിശ്വ

# വിവാഹമംഗളാശംസകൾ



**സിദ്ധാർത്ഥ്** **ശ്ലേഷ**

എറണാകുളം നോർത്തിൽ സീനിയർ അഭിഭാഷകൻ ശ്രീ. കെ. ജയകുമാറിന്റെയും ശ്രീമതി ശ്യാമളയുടെയും മകൻ **സിദ്ധാർത്ഥും** കല്യാണിലെ ശ്രീ. രാജേഷിന്റെയും ശ്രീമതി ഏകതയുടെയും മകൾ **ശ്ലേഷയും** തമ്മിലുള്ള വിവാഹം 2019 ജനുവരി 23ന് (1194 മകരം 9ന്) ബുധനാഴ്ച രാവിലെ 9നും 10 നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ വെച്ച് സമംഗളം നടന്നു. തുടർന്ന് എറണാകുളം ടി.ഡി.എം. ഹാളിൽ 24 – 01 – 2019നും, ഭോപാലിൽ 28 – 01 – 2019നും വിവാഹസൽക്കാരം നടന്നു.

# വിവാഹ മംഗളാശംസകൾ




കിടങ്ങൂർ പടിഞ്ഞാറേടത്ത് പിഷാരത്ത് ശ്രീമതി സുജാതയുടെയും കാട്ടൂർ പിഷാരത്ത് പരേതനായ മുരളീധരന്റെയും മകൾ **ലക്ഷ്മിയും** പോറ്റൂർ പിഷാരത്ത് ശ്രീ. പി.പി. ഉണ്ണികൃഷ്ണന്റെയും തെക്കേപ്പാട്ട് പിഷാരത്ത് ശ്രീമതി രമാദേവിയുടെയും മകൻ **സന്ദീപും** തമ്മിലുള്ള വിവാഹം 01-02-2019ന് കിടങ്ങൂർ ശ്രീ. സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.




# കഴുത ഒരു അത്ഭുത മൃഗം



അരവിന്ദാക്ഷൻ സേലം

**അ**മീബ തൊട്ട് ആന വരെ അംഗമായ ജന്തു സാമ്രാജ്യത്തിൽ ഇത്രയേറെ അദ്ധ്വാനിക്കുന്നവനും ഭാരം ചുമക്കുന്നവനും അതേ സമയം എല്ലാവരാലും ഇത്രയും അടിച്ചമർത്തപ്പെട്ടവനും അവഹേളിക്കപ്പെടുന്നവനുമായ ഒരു മൃഗം വേറെയില്ല. കഴുത എന്നു കേൾക്കുമ്പോൾ തന്നെ മനുഷ്യർക്ക് ചിരി പൊട്ടുന്നു. അവർ യഥാർത്ഥത്തിൽ കഴുതയുടെ സേവനവും പ്രാധാന്യവും അറിയാത്തവരാണ്. കഴുതക്ക് ഒരു പ്രതികൂല സാഹചര്യവും പ്രശ്നമല്ല. ഏതു ചുമടും ചുമക്കും. എത്ര തല്ലിയാലും പരാതിയുമില്ല.

കഴുത ഒരു പരിഹാസപാത്രമാണ് എന്ന വസ്തുതക്ക് തെളിവായി ഏറ്റവും പ്രാചീനമായ ഒരു പരാമർശം കാണുന്നത് ഒരു ശ്ലോകരൂപത്തിലാണ്.

ഉഷ്ട്രാണാം ച വിവാഹേഷു ഗീതം ഗായന്തി ഗർദ്ദഭാഃ
പരസ്പരം പ്രശംസന്തി അഹോ രൂപം അഹോ ധ്വനി

(ഒട്ടകത്തിൻ വിവാഹവേളയിൽ ഗാനമേളക്ക് കഴുതഗായകൻ
പ്രശംസിക്കുന്നവരന്യോന്യം അഹോ രൂപം ! അഹോ സ്വരം!)

ഇതു വായിച്ചാൽ ഒറ്റ നോട്ടത്തിൽ കഴുതയെ പ്രശംസിക്കുകയാണെന്ന് തോന്നാം. പക്ഷേ ധ്വനിക്കുന്നത് ഒട്ടകത്തിന്റെ വൈരൂപ്യം പോലെ കഴുതക്ക് പാട്ടിലുള്ള അസാമർത്ഥ്യമാണെന്ന് ആർക്കും (ഏതു കഴുതക്കും എന്ന് ഞാൻ മനഃപൂർവ്വം ഒഴിവാക്കിയതാണ്) മനസ്സിലാകും. പാട്ടിന്റെ കാര്യം ആപേക്ഷികമാണ്. എല്ലാവർക്കും എല്ലാ പാട്ടും ഇഷ്ടമാവില്ല. ചിലർക്ക് ചില ഗായകരെ പത്ഥ്യം. ഇഷ്ടമില്ലാത്ത ഗായകന്റെ തന്നെ ഒരു പാട്ട് ഇഷ്ടമായെന്നും വരാം. പാട്ടേ ഇഷ്ടമില്ലാത്ത അരസികന്മാരെ എത്രവേണമെങ്കിലും ഞാൻ തൊട്ടു കാണിക്കാം. നമ്മുടെ ഇടയിലേ ഇത്രയും അഭിപ്രായ വ്യത്യാസം. അങ്ങനെയുള്ള നമുക്ക് കഴുതയുടെ പാട്ടിനെ അളക്കാൻ എന്തു യോഗ്യത? നമ്മുടെ പാട്ടല്ലതാനും കഴുതയുടെ പാട്ട്. ഒരു ഗർദ്ദഭസുന്ദരിക്ക് അവളുടെ കഴുതക്കാമുകൻ പ്രണയ പരിപാടികൾക്കായി പുറകിലടുക്കുമ്പോൾ പാടുന്ന ഓ...എ.. ഓ..എ.. എന്ന ഏകസ്വരഗീതം എത്ര കർണ്ണാനന്ദകരമായിരിക്കും. അവൾക്കത് ഗന്ധർവ്വസംഗീതത്തേക്കാളും പരമാനന്ദദായകമായിരിക്കും. നമുക്ക് ആ പാട്ടിഷ്ടപ്പെട്ടില്ലെങ്കിൽ അവൾക്കെന്തു പോയി?

കഴുത ഒരു മണ്ടൻമൃഗമാണെന്ന ധാരണയും ജനം മനസ്സിൽനിന്ന് മാറ്റേണ്ടതാണ്. ഒരിക്കൽ ഒരു കഴുതയെ മേയ്ക്കുന്ന ഇടയൻ വെള്ളത്തിൽ വീണു മരിക്കാൻ തുടങ്ങിയപ്പോൾ കഴുത അയാളുടെ കുപ്പായത്തിൽ കടിച്ചു പിടിച്ചു കൊണ്ടു നിന്നത്രെ. പഞ്ചതന്ത്രത്തിലെ ആമയെ മാതിരി കടി വിട്ടില്ല. (വേനലിൽ വലഞ്ഞ രണ്ടു ഹംസങ്ങൾ തെളിനീർതടാകം തേടി എങ്ങോട്ടോ പോയപ്പോൾ കൂട്ടാളിയായ ആമയേയും കൂടെ കൂട്ടി. ഹംസങ്ങൾ ഒരു വടി കടിച്ചു പറന്നു. ആമ വടിയുടെ നടുവിൽ കടിച്ചു പറന്നു. താഴെ ജനാരവം കേട്ടപ്പോൾ ആ മറവിക്കാരൻ ആമ വായ തുറക്കുകയും താഴെ വീണ് തവിടുപൊടിയാവുകയും ചെയ്തു എന്നാണ് ആ കഥ) ഇടയൻ വാ വിട്ടു നിലവിളിച്ചു. ആളുകൾ ഓടിയെത്തി രക്ഷപ്പെടുത്തി. അറേബ്യൻ നാടുകളിൽ ഇരുനൂറും മുന്നൂറും ആടുകൾ ചേർന്ന പറ്റങ്ങളെ നയിക്കുന്നത് രണ്ടു കഴുതകളാണ്.

ഒന്ന് ഡ്രൈവറായി മുമ്പിൽ, മറ്റേത് ഗാർഡായി പുറകിൽ. അത്യാവശ്യം പാടാനും ഇണചേരാനുമുള്ള ബുദ്ധി കഴുതക്ക് ദയാപരനായ കർത്താവ് കൽപിച്ചു കൊടുത്തിട്ടുണ്ട്. വല്ല്യേ റോക്കറ്റ് സൈൻസും എയറോണോട്ടിക്സ് എൻജിനിയറിംഗും അടങ്ങുന്ന വിജ്ഞാന ഭണ്ഡാരം അതിനാവശ്യമില്ല. പഞ്ചേന്ദ്രിയങ്ങളും മനസ്സും അടക്കി ബോധാബോധതലങ്ങളെ ഭേദിച്ച് അതീന്ദ്രിയാവസ്ഥയിൽ ധ്യാനിച്ചു നില്ക്കുന്ന (ലളിതമായി പറഞ്ഞാൽ ഈ ലോകം എനിക്ക് പുല്ലാണ് എന്ന) ഭാവം കണ്ട് ആളുകൾ കഴുത ഒരു മഠയനാണ് എന്ന് തെറ്റിദ്ധരിച്ചിരിക്കുകയാണ്.

അടുത്ത പരാതി കഴുതക്കാമം കരഞ്ഞു തീർക്കും എന്നാണ്. ഇതും ഭീമാബദ്ധമാണ്. ആൺ കഴുത മറ്റു മൃഗജാതിയിലെ ആണുങ്ങളെ അപേക്ഷിച്ച് അനനുപാതികമായ (disproportanate) ഒരു ലിംഗത്തിന്റെ ഉടമയാണ്. അതു വെച്ച് അവൻ സാമാന്യം സുഖകരമായ ദാമ്പത്യജീവിതം ആസ്വദിക്കുന്നുണ്ടെന്നാണ് സുവോളജിസ്റ്റുകളുടെയും സൈക്കോളജിസ്റ്റുകളുടെയും അഭിപ്രായം. ഈ ലിംഗാനുഗ്രഹം കൊണ്ടു കൂടിയാകാം കോവർകഴുതയുടെ അമ്മ കുതിരയും അച്ഛൻ കഴുതയും ആയിരിക്കുന്നത്.

കഴുതയെ ഭാരം ചുമക്കാൻ മാത്രമല്ല, ചരിത്രാതീത കാലം മുതല്ക്കേ പാലിനു വേണ്ടിയും വളർത്താറുണ്ട്.

ബൈബിളിലുടനീളം ദർശിക്കാവുന്ന കഴുതയെ പറ്റിയുള്ള വിവരണങ്ങൾ വായിച്ചാൽ ഭാരതത്തിൽ പശുക്കളെ എങ്ങനെ ഒരു സമ്പത്തായി കണക്കാക്കിയിരുന്നുവോ അതു പോലെ അക്കാലത്ത് പശ്ചിമേഷ്യയിലാകമാനം കഴുതകളെയും പരിഗണിച്ചിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. ഇയ്യോബിന്റെ പുസ്തകത്തിൽ (ബൈബിൾ) ഇയ്യോബിന് അഞ്ഞൂറ് പെൺ കഴുതയുണ്ടായിരുന്നു എന്നെഴുതിയിരിക്കുന്നു. അത് കറവയ്ക്കു വേണ്ടിതന്നെയാവണം. പുകൾ പെറ്റ പുരാതന ഈജിപ്ഷ്യൻ സുന്ദരി ക്ലിയോപാട്ര നിത്യവും കുളിച്ചിരുന്നത് എഴുന്നൂറു കഴുതകളെ കറന്ന പാലിലായിരുന്നു. ഇക്കാലത്ത് കഴുതപ്പാലിൽ നിന്ന് സൗന്ദര്യവർദ്ധക സാമഗ്രികൾ ഉണ്ടാക്കി വിൽക്കുന്നത് വളർന്നു വരുന്ന ഒരു വ്യവസായമാണ്. ഒരു ലിറ്റർ കഴുതപ്പാലിന് ഇപ്പോൾ 4000 രൂപക്ക് മുകളിലാണ് വില. ഈ വിലക്കൂടുതലിനു കാരണം കഴുത നൂറു മില്ലീ മുതൽ ഇരുന്നൂറു മില്ലീ വരെയേ പാൽ ചുരത്തുകയുള്ളു എന്നതാണ്. കഴുത, മനുഷ്യന്റെ പോലെ വയറിന് ഒരു അറയുള്ള ജീവിയാണ്. അയവെട്ടുകയില്ല. അതുകൊണ്ടാണ് അതിന്റെ പാലിന് മനുഷ്യപ്പാലിന്റെ സാദൃശ്യം. കൊഴുപ്പ് കുറവും ലാക്ടോസ് കൂടുതലുമാണ്. പക്ഷേ, demand supply theory അനുസരിച്ച് ഉത്പാദനം കൂടിയാൽ പാൽ വില കുറയും. നമ്മുടെ നാട്ടിൽതന്നെ എറണാകുളത്തെ രാമമംഗലത്ത് നാൽപ്പതോളം കഴുതകളെ വളർത്തുന്ന ഒരു ഫാമുണ്ട്. ഏതു കഠിനപാതയിലും ഭാരവും ഭേസി സഞ്ചരിക്കാൻ കഴിയുന്ന കഴുതയെ ശബരിമലയിൽ ചരക്കു ഗതാഗതത്തിന് ഉപയോഗപ്പെടുത്തുന്നതു കാണാം. ഇനിയും പലേ പ്രയോജനമാർഗ്ഗങ്ങളിലും കഴുതയെ നടത്താം. ഉദാഹരണത്തിന് എല്ലാ മതചടങ്ങുകളിലും ഘോഷയാത്രകളിലും എഴുന്നള്ളിക്കാൻ ഇന്ന് ആനയാണ്. ആന ഒരു കാട്ടു മൃഗമാണ്. മറ്റെല്ലാ അവശ്യമൃഗങ്ങളെയും മനുഷ്യൻ മെരുക്കിയെടുത്തു. ആന മാത്രം മെരുങ്ങിയില്ല. തന്റെ മനസ്സിൽ എന്താണ് ഓടുന്നതെന്ന് അതിനു തന്നെ നല്ല രൂപമില്ല. വലിയ പരിഭ്രമമാണ്. ഉടനടി എന്തു ചെയ്യണമെന്ന് നിശ്ചയമില്ല. പോരാത്തതിന് എടുത്താൽ പൊന്താത്ത വലുപ്പവും. അന്നമൂട്ടുന്ന സ്വന്തം പാപ്പാനെ

ചെറിയൊരു മുൻവൈരാഗ്യം ഓർത്ത് ഓർക്കാപ്പുറത്ത് രണ്ടായി ചീന്തിയിടും. അതിനെ കാട്ടിലേക്ക് തന്നെ ഓടിക്കണം. പകരം, എന്തും താങ്ങുന്ന, ഏതു വെയിലും കൊള്ളുന്ന, വേണമെങ്കിൽ ഇരുപത്തിനാലു മണിക്കൂറും നിന്ന നിൽപ്പിൽ നിൽക്കുന്ന കഴുതയെ എഴുന്നള്ളത്തിന് ഉപയോഗിക്കണം. ഈ അഭിപ്രായത്തിനെതിരെ വാളോങ്ങുന്നവർ ശ്രദ്ധിക്കുക. ഏറ്റവും മഹത്തായ ഒരെഴുന്നള്ളത്ത് ഇവിടെ നടന്നത് കഴുതപ്പുറത്താണ്. കാണപ്പെട്ട ദൈവമായ യേശുദേവന്റെ എഴുന്നള്ളത്ത്. (ബൈബിൾ: പുതിയ നിയമം: മത്തായി: 21 : യേശുവിന്റെ ജറൂശലേം പ്രവേശനം നോക്കുക) സനാതനസിദ്ധാന്തവും ഈശ്വരൻ തൂണിലും തുരുമ്പിലും ഉണ്ടെന്നല്ലേ ഘോഷിക്കുന്നത്? പിന്നെ കഴുതയുടെ കാര്യം പറയണോ? കഴുതയെ വെറുമൊരു കഴുതയാക്കുന്നത് മനുഷ്യനാണ്. ആദ്യം വേണ്ടത് കഴുതയോടുള്ള പുച്ഛം അവസാനിപ്പിക്കുകയാണ്. 'വെണ്ണീറും വിറകെണ്ണയും കഴുതയും....' എന്ന ദുശ്ശകുനപട്ടികയിൽ നിന്ന് കഴുതപദം കേരള സർക്കാർ, ഗസറ്റ് വിജ്ഞാപനം ഇറക്കി നീക്കം ചെയ്യണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

അങ്ങനെ ഗന്ധർവ്വഗായകനായി സംഭോഗ സുഭഗനായി ദേവവാഹനമായി സർവ്വസംഗ പരിത്യാഗിയായി വിരാജിക്കുമ്പോളാണ് കഴുതക്ക് ജീവന്മരണപ്രശ്നമായ, അതിജീവന ചോദ്യചിഹ്നമായ ഒരു വാർത്ത പുതുവർഷപ്പുലരിയിൽ ഇടിത്തീ പോലെ പുറത്തു വരുന്നത്, ഒരു പത്രത്തിലൂടെ. അതാണ് സത്യത്തിൽ ഈ ലേഖനത്തിന്റെ ന്യൂക്ലിയസ്സ്.

ഒരു പ്രഭാതത്തിൽ നൈറോബിയിലെ മോറിസ് ഞ്ജേരു എന്ന പോർട്ടർ തന്റെ വീടിനു പുറത്തിറങ്ങി നോക്കിയപ്പോൾ കണ്ണുകളെ എതിരേറ്റത് ഡേവിഡ്, മുക്കുറിനോ, സ്ക്രാച്ച് എന്നീ പേരുള്ള തന്റെ മൂന്നു കഴുതകളുടെ ജഡങ്ങളാണ്. മാംസം, കഴുകനും കഴുതപ്പുലിയും തിന്നുന്നു. തോലുകൾ ആരോ ഉരിച്ച് കട്ടുകൊണ്ടുപോയിരിക്കുന്നു. ആ കഴുതകളായിരുന്നു അയാളുടെ ഏക ജീവനാശ്രയം. ഇനിയെന്ത് എന്ന ചോദ്യത്തിന് മുമ്പിൽ അയാൾ അന്തം വിട്ടു നിന്നു. ആരാണീ നിഷ്ഠുര കൃത്യം.....? ആ വാർത്തയിൽ തന്നെ അതിന് ഉത്തരവുമുണ്ട്. ലോകത്തെമ്പാടും കഴുതകളെ സാധാരണയായി ചെലവു കുറഞ്ഞ ചരക്കു നീക്കപ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. പക്ഷേ, ചീനർ പുതിയ ഉപയോഗങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. അതു പ്രകാരം കഴുതയുടെ തോൽ പുഴുങ്ങി വേർതിരിച്ചെടുക്കുന്ന പശപ്പുള്ള കൊഴുപ്പ് (ജലാറ്റിൻ) സർവ്വ രോഗസംഹാരിയാണ്. അതിന്റെ പേരാണ് ഇജിയാവോ. ജരാ നര രഹിതമായ നിത്യ യൗവനം, ലൈംഗികവിഷയത്തിൽ ദശകുതിരശക്തി, കീമോ തെറാപ്പിയുടെ ദൂഷ്യ ഫല നിവാരണം, വന്ധ്യതാ ചികിത്സ, ഗർഭ സംരക്ഷണം, ആർത്തവ പ്രശ്നങ്ങൾ എന്നിവക്കെല്ലാം കൈക്കണ്ട ഔഷധമാണത്രെ ഇത്. ചൈനീസ് തത്വചിന്തയായ താവു പ്രകാരമുള്ള യിന്നും യാങ്ങും (വിപരീത ദ്വന്ദ്വങ്ങൾ) ഇജിയാവോ സേവിക്കുന്നതു മൂലം സംതുലനം നേടാനാവുമെന്നും ഇവർ വിശ്വസിക്കുന്നു. ഈ ചികിത്സ കാരണം, ചൈനയിൽ കഴുത ജനസംഖ്യ 110 ലക്ഷത്തിൽനിന്ന് 60 ലക്ഷമായി കുറഞ്ഞു പോലും. മോഷ്ടിച്ചിട്ടോ വാങ്ങിയിട്ടോ കഴുതകളെ ചൈനയുടെ ഇജിയാവോ സംസ്കരണ ശാലയിലെത്തിക്കുന്നു. ലോകത്ത് ആകെയുള്ള നാലു കോടി നാല്പതു ലക്ഷം കഴുതകളിൽ 18 ലക്ഷത്തോളം കഴുതകൾ ഇജിയാവോ ഉൽപാദനത്തിനു വേണ്ടി പ്രതിവർഷം കശാപ്പു ചെയ്യപ്പെടുന്നുണ്ടത്രെ. വല്ല ശാസ്ത്രീയ അടിസ്ഥാനമുണ്ടായിട്ടാണോ ഇവരിതൊക്കെ ചെയ്യുന്നത് എന്ന് ആരാണ് തിരക്കുന്നത്? വാജീകരണത്തിനു വേണ്ടി മാനിന്റെ ലിംഗം മുതൽ പുലിയുടെ അണ്ഡത്തിൽ വരെ കൈ വെക്കുന്ന ചീനൻ അടങ്ങിയിരിക്കാൻ വഴിയില്ല. രണ്ടായിരത്തി പതിനാറിലാണ് അവൻ കഴുതവേട്ട തുടങ്ങിയത്. അപ്പോൾ ഈ സാധുജീവി ഭൂമുഖത്തില്ലാതെയാകാൻ ഇനി എത്ര കാലം പിടിക്കും? കണക്കു കൂട്ടിക്കോളൂ.

ഇവിടെയാണ് കഴുതകളെ വംശനാശം വരുത്താതെ പരിപാലിക്കുന്ന ഫാമുകളുടെ പ്രസക്തി. നമ്മുടെ നാട്ടിൽ കഴുതപ്പാൽ ധാരാളമായി ഉത്പാദിപ്പിക്കാൻ കൂടുതൽ കഴുത ഫാമുകൾ തുറക്കണം. മറ്റു പാലുകൾക്കൊപ്പം ജനങ്ങൾ രോഗമകറ്റുന്ന കഴുതപ്പാലും ശീലിക്കട്ടെ. വിനോദസഞ്ചാര സ്ഥലങ്ങളിൽ മോട്ടോർ വാഹനങ്ങൾക്കു പകരം കാലിൽ കിങ്ങിണി കെട്ടിയ കഴുതകളെ പൂട്ടിയ മന്ദഗമനയാനങ്ങൾ ഉരുളണം. സന്ദർശകർ സാവധാനം കാഴ്ചകൾ കണ്ടുരസിക്കട്ടെ. കഴുതപ്പാൽ ക്രീമും ലോഷനും ജല്ലും തടവി സ്വതേ സുന്ദരികളായ കേരളവരനാരികൾ അധികചന്തം നേടി,

# പ്രസന്ന പ്രസന്നവതിയായി

(കുറുവട്ടൂർ പിഷാരത്ത് പ്രസന്ന സുരേന്ദ്രന്റെ ദുഃഖസ്മരണ)

**രാഗിണി പിഷാരത്ത്**

**പ**ട്ടാമ്പി ശാഖയുടെ മഹിളാവിംഗിലെ പ്രധാന പ്രവർത്തകയായിരുന്നു പ്രസന്ന. പേരുപോലെ തന്നെ പ്രസന്ന എപ്പോഴും പ്രസന്നവതിയായിരുന്നു. ഏതൊരു ആഘോഷങ്ങൾ നടക്കുമ്പോഴും രാവിലെ നേരത്തെ തന്നെ ചിരിച്ചുകൊണ്ട് സുരേന്ദ്രേട്ടനോടൊപ്പം തന്നെ എത്തും. 'രാഗിണി ഏടത്തി ഞാൻ എത്തീട്ടോ' എന്നൊരു പറച്ചിലും. ഓണാഘോഷങ്ങൾക്കും മറ്റും എല്ലാ പരിപാടികളിലും പങ്കെടുക്കും. എല്ലാവർക്കും ഭക്ഷണം വിളമ്പാൻ നിൽക്കാനും പ്രസന്ന ആദ്യം മുതൽ അവസാനം വരെ രംഗത്തുണ്ടാകും. ഈ വർഷവും വാർഷികത്തിന് അക്ഷരശ്ലോകം ചൊല്ലി. അതു കഴിഞ്ഞപ്പോൾ ഞങ്ങൾ ഒരു പരിപാടിയിട്ടു. മാസത്തിൽ ഒരിക്കലെങ്കിലും ഒത്തുകൂടി അക്ഷരശ്ലോകം ചൊല്ലാൻ. പ്രസന്ന ജോലിയിൽ നിന്നും വിരമിക്കുകയാണ്. അപ്പോൾ ധാരാളം സമയം ഉണ്ടാകും. പക്ഷേ എല്ലാം തീരുമാനിച്ചുറപ്പിച്ച് എന്റെ പ്രസന്ന ഞങ്ങളെ എല്ലാം വിട്ടുപോയല്ലോ. രാഗിണി ഏടത്തി എന്നു വിളിച്ചുകൊണ്ടുവരുന്ന പ്രസന്ന എന്റെ മനസ്സിൽ എപ്പോഴും ഉണ്ട്. ഇല്ല പ്രസന്നേ ഞങ്ങളെയെല്ലാം പെട്ടെന്നു വിട്ടുപോകാൻ പ്രസന്നക്കാവില്ല. ഞങ്ങളുടെ മനസ്സിൽ പ്രസന്ന പ്രസന്നവതിയായി നിൽക്കുന്ന രൂപമുണ്ട്. ഇതിനെയെല്ലാം അതിജീവിച്ച് മനസ്സിന് ഉറപ്പുകൊടുത്ത് ജീവിക്കാൻ സുരേന്ദ്രേട്ടനും മക്കൾക്കും ധൈര്യമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഒപ്പം പ്രസന്നക്ക് സ്നേഹത്തോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

---

സർവ്വാംഗസുന്ദരികളായി, ക്ലിയോപാട്രയെ കിളിഞ്ഞ പാട്ടയാക്കി, കേരളനന്ദനാരാമത്തിൽ അരയന്നങ്ങളെ പോലെ വിഹരിക്കട്ടെ. നീര ഏതാണ്ട് പരാജയമായി. നമുക്ക് donkey drink പരീക്ഷിച്ചാലോ. കഴുതച്ചാണകത്തിൽ നിന്ന് പാചകവാതകം ഉണ്ടാക്കാം. നാട്ടിലുടനീളം Donkey Gas Depot കൾ തുറക്കും. അവയിൽ Barath Donkey Gas (BDG) കിട്ടുമാറാകട്ടെ. ഇത് മിനുറ്റ് വെച്ച് കുതിക്കുന്ന പെട്രോളിയം ഗ്യാസിന് ഒരു മറുപടിയാകും. വീട്ടമ്മമാർ അവരുടെ കുടുംബ ബജറ്റിന്റെ താളം വീണ്ടെടുക്കും. ചാണകത്തിന്റെ സ്ലറി വയലുകളിൽ വീഴുന്നതോടെ പുല്ലുകൾ പുഷ്ടിയോടെ വളർന്ന് പൊന്തും. അതു തിന്ന് കൊഴുത്ത കഴുതകൾ പൂർവ്വാധികം ശക്തിയോടെ പുത്രോത്പാദനം നടത്തും. കൊച്ചു കൊച്ചു കഴുതക്കിടാങ്ങൾ കേരളമാകെ ഓടി നടക്കും. അതു കണ്ടും കേട്ടും ചീനന്റെ വായിൽ വെള്ളമൂറട്ടെ. നാട്ടിലുടനീളം പല്ലവിയും അനുപല്ലവിയും ചരണവും ഓ..എ.. എന്ന ഏകാക്ഷരമായ ഗർദ്ദഭ ഗീതം താരസ്ഥായിയിൽ മുഖരിതമാകും. (ഇപ്പോഴത്തെ നായക്കാട്ടം പോലുള്ള സിനിമാ പാട്ടിനേക്കാൾ എത്ര ഭേദം!)

കഴുതവാൽ കഷ്ണം: ഈ ലേഖനം വായിച്ച് കഴുതഫാം തുടങ്ങുന്നവരുടെ സത്വര ശ്രദ്ധക്ക്- കഴുതയെ കറക്കാൻ മറ്റു മൃഗങ്ങളെ അപേക്ഷിച്ച് പരിചയവും ശ്രദ്ധയും ക്ഷമയും തന്ത്രവും പരിശീലനവും ആവശ്യമാണ്. അതിന് മുൻകാലുകൾ മാത്രം ഊന്നി രണ്ടു പിൻ കാലുകളും പൊക്കി ശക്തിയായി തൊഴിക്കാനാവും. നോർത്ത് ചൊറിയനെ കുറിച്ചോ ഫെമിനിച്ചികളെ കുറിച്ചോ വല്ല മനോരാജ്യവും മനസ്സിലിട്ടുരുട്ടി കഴുതസ്തനങ്ങൾ പിടിക്കാൻ പോയാൽ കറവക്കാരൻ ചെന്നു പതിക്കുന്നത് പെനാൽറ്റി ബോക്സിന്റെ പടിഞ്ഞാറു ഭാഗത്തായിരിക്കും. പറഞ്ഞില്ലെന്ന് വേണ്ട. ജാഗ്രതൈ!

(ഈ ലേഖനം തയ്യാറാക്കാൻ രാമമംഗലത്ത് ഡോൾഫിൻ ഡോങ്കി ഫാം നടത്തുന്ന എബി ബേബിയും ഹിന്ദുവിൽ വന്ന ഒരു റിപ്പോർട്ടും സഹായകമായിട്ടുണ്ട്)

# ഇളയരാജ

## വളരെ വലിയൊരു കൊച്ചുസിനിമ

**ആ**ദ്യ സിനിമയായ മേൽവിലാസത്തിലൂടെ മലയാളസിനിമയിൽ അതിശയമുണർത്തിയ സംവിധായകനാണ് മാധവ് രാമദാസൻ. ഏതൊരു സംവിധായകന്റെയും മനസ്സിന്റെ ചുറ്റുവട്ടത്തിലെ വിടെയും കടന്നു വരാനിടയില്ലാത്ത, അത്ര കമേഴ്സ്യലല്ലാത്ത ഒരു പ്രമേയം തന്നെ തന്റെ ആദ്യ ചിത്രത്തിനുവേണ്ടി തെരഞ്ഞെടുത്ത അദ്ദേഹത്തിന്റെ വ്യത്യസ്ഥമായ ചിന്താഗതി അന്നേ തന്നെ ഒരുപാട് അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിരുന്നു. മേൽവിലാസ സംവിധാനശൈലിയോ, സാമ്യമോ ഒട്ടുമില്ലാതെയാണ് അടുത്ത സിനിമ അപ്പോത്തിക്കിരി പുറത്തുവരുന്നത്. ശശികുമാർ, ജോഷി, ഐ.വി. ശശി മുതൽ ആഷിക് അബു വരെയുള്ള സംവിധായകരുടെ ചിത്രങ്ങൾ എന്നാൽ പ്രേക്ഷകർക്ക് ഒരു മുൻധാരണയുണ്ടാകും. മാധവ് രാംദാസൻ അവിടെ വിഭിന്നനാകുന്നു. അദ്ദേഹത്തിന്റെ രീതി പ്രവചനാതീതവും ധാരണാതീതവും ആണ്.



'ഇളയരാജ'യാണ് പുതിയതായി മലയാളത്തിന് മാധവ് രാംദാസിന്റെ സംഭാവന. മുൻ ചിത്രങ്ങളെയൊന്നും ഒരു വിധത്തിലും ഓർമ്മപ്പെടുത്തില്ല ഇളയരാജയും. സമൂഹത്തിൽ ഏറ്റവും ചെറുതായിപ്പോകുന്നവരുടെ പ്രശ്നങ്ങൾ, അവയെ അവർ അഭിമുഖീകരിക്കുന്നത്, അവരുടെ കുഞ്ഞുകുഞ്ഞു സന്തോഷങ്ങൾ, തിരിച്ചടികൾ.. അവയൊക്കെ ഒരു കണ്ണാടിപ്രതിബിംബംപോലെ നമ്മെ കാണിച്ചു തരികയാണീ ചിത്രം. തീവണ്ടിപ്പാളങ്ങൾക്കരികിലെ ഷീറ്റു വിരിച്ച കൊച്ചു കുടിലിൽ ശാരീരികമായി ഉയരക്കുറവും അതിന്റെ ബുദ്ധിമുട്ടുകളുമുള്ള വനജന്റെയും ഭാര്യ പങ്കുവിന്റെയും മക്കൾ സുബ്രഹ്മണ്യൻ, അമ്പുമോൾ, ഭാര്യാപിതാവ് ഗണപതി എന്നിവരുടെയും ജീവിതച്ചതുരംഗക്കരുനീക്കങ്ങളാണ് പ്രധാന ഇതിവൃത്തമെന്നു പറയാം. പ്രധാനപ്പെട്ട ഓരോ കരുചലനങ്ങൾക്കും സാക്ഷ്യമായി പാളങ്ങളിലൂടെ തീവണ്ടികൾ അലറിപ്പാഞ്ഞു. ലാഘവത്തോടെ കപ്പലണ്ടി കൊറിക്കാനെത്തുന്നവർക്ക് അനുഭവങ്ങളിൽവറുത്തെടുത്ത നിലക്കടലകളാണവർ കൊടുത്തത്. കാലം വനജനും കുടുംബത്തിനും ഏറെ കണ്ണീർ നൽകി. ഒപ്പം ആനന്ദവും കൊടുത്തു. എന്നാൽ പ്രേക്ഷകന്, പ്രത്യേകിച്ചും കുട്ടികൾക്ക് ഇളയരാജ കൊടുക്കുന്നത് അനൽപ്പമായ ആത്മവിശ്വാസമാണ്. ഊർജ്ജവും കരുത്തുമാണ്. അതിരുകളില്ലാത്ത വിജയസാദ്ധ്യതകളാണ്. താഴ്ചകൾക്കപ്പുറം ഉയർച്ചയുമുണ്ടെന്ന ഓർമ്മിപ്പിക്കലാണ്.

കഥാപാത്രങ്ങൾക്കനുസരിച്ച് കൃത്യമായ അഭിനേതാക്കളുടെ തെരഞ്ഞെടുപ്പിൽ ചെലുത്തിയ ശ്രദ്ധ അഭിനന്ദനാർഹമാണ്. വനജനായി വേഷമിടുന്ന അജയ്കുമാറിന്റെയും (ഗിന്നസ് പക്രു) ഗണപതിയാകുന്ന ഹരിശ്രീ അശോകന്റെയും അഭിനയജീവിതത്തിലെ ഏറ്റവും നല്ല വേഷങ്ങളാണ് ഇവയെന്ന് ഉറപ്പാണ്. അത് ശരിയെന്ന് കാലവും തെളിയിക്കും. ഗോകുൽ സുരേഷ് ഗോപിയും കവിതാനായരും ദീപക് പരമ്പോളുമെല്ലാം ശക്തമായ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ കഴിവുള്ളവർ തന്നെയാണെന്ന് ഈ ചിത്രത്തിലെ റോളുകൾ തെളിവാണ്. അമ്പുമോളായി




യെത്തുന്ന ആർദ്ര, സുബ്രഹ്മണ്യനാകുന്ന ആദിത്യൻ എന്ന കുട്ടികൾ മലയാളസിനിമയുടെ പുത്തൻ വാഗ്ദാനങ്ങൾതന്നെയാണ്. തീർത്തും പുതിയവരായിട്ടുകൂടി എത്ര തന്മയത്വമായിട്ടാണ് അവർ കഥാപാത്രങ്ങൾക്ക് ജീവൻ നൽകുന്നതെന്ന് കൗതുകത്തോടെയും അൽപ്പം അതിശയത്തോടെയും നമ്മൾ നോക്കിയിരുന്നുപോകും.

പാപ്പിനുവിന്റെ ക്യാമറയും ശ്രീനിവാസ് കൃഷ്ണയുടെ എഡിറ്റിംഗും സിനിമയെ കൂടുതൽ ശ്രദ്ധേയമാക്കാൻ സാധിച്ച ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങൾ. മാധവ് രാംദാസന്റെ മനോഹരമായ കഥക്ക് തിരക്കഥയൊരുക്കിയത് സുദീപ് ടി. ജോർജ്ജാണ്. രതീഷ് വേഗയാണ് സംഗീതസംവിധാനം നിർവ്വഹിച്ചിരിക്കുന്നത്. എല്ലാ ഗാനങ്ങളും നെടുനാൾ ഓർമ്മിക്കപ്പെടുകതന്നെ ചെയ്യും. നിർമ്മാണം മൂവി മ്യൂസിക്കൽ കട്സിന്റെയും മുംബൈ സിനി ടാക്കീസിന്റെയും ബാനറിൽ സജിത് കൃഷ്ണൻ, ജയരാജ് ടി. കൃഷ്ണൻ, ബിനീഷ് ബാബു എന്നിവരാണ്. ഒരു നല്ല സിനിമ ഉണ്ടാകാൻ കരുത്തു പകർന്ന അവർക്ക് പ്രത്യേകം നന്ദി.

നന്മ വിതച്ച് നന്മ മാത്രം കൊയ്യുന്ന ചിത്രമാണ് ഇളയരാജ. ഈ സിനിമയുടെ, ഇത്തരം സിനിമകളുടെ വിജയം മലയാള സിനിമയുടെ ആവശ്യം കൂടിയാണ്. 50 കോടി, 100 കോടി ക്ലബ്ബുകളിൽ കയറാൻ സ്ഥിരം അച്ചുകളിൽ പണിഞ്ഞ് പുറത്ത് വിടുന്ന മെഗാതാര സൃഷ്ടികളേക്കാൾ മണ്ണിൽ നിൽക്കുന്ന മനുഷ്യന്റെ കഥകളിലാണ് ജീവിതവും സത്യവും തുടിക്കുന്നത്.

മാധവ് രാമദാസിന്റെ മൂന്നാമത്തെ ഈ ചിത്രം അംഗീകാരങ്ങളും പുരസ്കാരങ്ങളും കൊണ്ടുവരും എന്നുറപ്പ്. സമാജത്തിന്റെയും തുളസീദളത്തിന്റെയും അഭിനന്ദനങ്ങൾ. ഇനിയുമിനിയും നല്ല സിനിമകൾ അദ്ദേഹത്തിൽ നിന്നുണ്ടാകാൻ കാത്തിരിക്കുന്നു.

കൂട്ടത്തിൽ പറയേണ്ടത് - നിണമണിഞ്ഞ കാൽപ്പാടുകൾ എന്ന ആദ്യ ചിത്രത്തിലൂടെതന്നെ പ്രസിഡണ്ടിന്റെ വെള്ളിമെഡൽ മലയാളസിനിമയിലെത്തിച്ച എൻ.എൻ. പിഷാരോടിയിലൂടെയാണ് പിഷാരോടി സമുദായം സിനിമാസംവിധാനരംഗത്ത് കടന്നുവരുന്നത്. തുടർന്ന് ബാബുനാരായണൻ, രാജൻ സിത്താര, മാധവ് രാമദാസൻ, രമേശ് പിഷാരോടി എന്നീ പ്രഗൽഭരും അനിവാര്യമായ തുടർച്ച പോലെ എത്തി. എല്ലാവരും കഴിവു തെളിയിച്ച പ്രതിഭാശാലികൾ. പറയാനുള്ളത് എണ്ണച്ചുരുക്കമെന്നാണെങ്കിലും കർമ്മരംഗത്ത് സകല മേഖലകളിലും നമ്മൾ ഉയരങ്ങളിൽത്തന്നെ. ●



# കൃഷ്ണകുമാരിക്ക് അഭിനന്ദനങ്ങൾ

2017-18 വർഷത്തെ അങ്കണവാടി ഹെൽപ്പർക്കുള്ള സംസ്ഥാന അവാർഡ് അറക്കൽ പിഷാരത്ത് കൃഷ്ണകുമാരിക്ക്. ഭർത്താവ് മാങ്കുറ്റിപ്പാടം പിഷാരത്ത് കൃഷ്ണ പിഷാരടി. മക്കൾ: ശ്രീദേവി, വിഷ്ണു,. മരുമകൻ: ശ്രീകുമാർ. പേരക്കുട്ടി: ആഗ്നേയ്.

കൃഷ്ണകുമാരിക്ക് പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും, കൃഷ്ണകുമാരി ഉൾപ്പെടുന്ന കൊടകര ശാഖയുടെയും അഭിനന്ദനങ്ങൾ

കവിത

# ആമയും മുയലും



ശ്രീജ നന്ദകുമാർ

കാലയവനികക്കുള്ളിൽ മറഞ്ഞൊരാ
കാപട്യമില്ലാത്ത ബാല്യകാലം
എന്നിലെ ഓർമ്മകൾ നൊമ്പരമാകും
എങ്ങുമെത്താതെയാ ദുഃഖസ്വപ്നം.
കുഞ്ഞിളം കാൽവെച്ചു തുള്ളിക്കളിക്കുമീ
കുഞ്ഞോളം തീർക്കുന്ന പാലാഴിയിൽ
ഇത്തിരി നേരം കളയുവാനില്ലാതെ
ഒത്തിരി സ്വപ്നങ്ങൾ നെയ്ത ഭൂവിൽ
ചിലനേരമെങ്കിലും നോവുമെൻ ഹൃത്തടം
ചിന്തകൾ പീലി വിടർത്തിടുമ്പോൾ
ദീപ്തമാം എന്നന്തരംഗം വിതുമ്പുന്നു
ദീർഘമായ് തുടരുന്ന മായകളിൽ
മുറ്റത്തെ മാവിന്റെ ശിഖരത്തിൽ നിന്നുമാ
മുത്തുപോൽ ചിതറിയ സ്വപ്ന ഗേഹം
ചിറകറ്റു പോയതാം ജീവിത സ്വപ്നങ്ങൾ
ചിരകാലം മോഹങ്ങൾ നെയ്ത വൃക്ഷം
അമ്മക്കിളിയോടൊപ്പം വിതുമ്പിയോ
ഞാനുമെന്നുള്ളിലെ മാതൃത്വവും
ഒന്നുമറിയാതെ സ്വപ്നവും സത്യവും
ആമയും മുയലും കളിതുടർന്നു. ●



## അരുണിന് അഭിനന്ദനങ്ങൾ

ഇക്കഴിഞ്ഞ വർഷത്തെ മികച്ച ജനപ്രിയനടനുള്ള ജന്മഭൂമി ടെലിവിഷൻ പുരസ്കാരം ലഭിച്ച അരുൺ രാഘവിന് പിഷാരോടി സമാജത്തിന്റെയും തുളസീദളത്തിന്റെയും അരുൺ ഉൾപ്പെടുന്ന കൊടകര ശാഖയുടെയും അഭിനന്ദനങ്ങൾ. 'ഭാര്യ' എന്ന സീരിയലിലെ ശ്രദ്ധേയമായ അഭിനയ ചാതുരിക്കാണ് പുരസ്കാരം. ശ്രീ. രാജൻ സിത്താരയുടെ മകനാണ് അരുൺ.




*With best compliments from :*

**P. KARUNAKARAN**

**Forging & Process Aids**

No. 27, Kalyani Industrial Estate,
Vanagaram Road, Athipet,
CHENNAI - 600 058

Phone : (Factory) 044-26245992, Fax: 044-26245993
E-mail: steelforgings@hotmail.com
Phone : (Residence): 044-26161519, Mob: +919962581210

## "ശ്രീ വളർക്കാവിലമ്മയുടെ
## പുനഃപ്രതിഷ്ഠയും നവീകരണകലശവും"

ക്ഷേത്രം തന്ത്രി *ബ്രഹ്മശ്രീ ആനാംപറമ്പ് മനക്കൽ*
***ജാതവേദൻ നമ്പൂതിരിയുടെ*** മുഖ്യകാർമ്മികത്വത്തിൽ

**2019 ഏപ്രിൽ മാസം 30-ാം തിയ്യതി മുതൽ**
**2019 മെയ് മാസം 10-ാം തിയ്യതി വരെ**
*11 ദിവസം നീണ്ടുനിൽക്കുന്ന ചടങ്ങുകളോടനുബന്ധിച്ച്*
*ശ്രീ വളർക്കാവിലമ്മയുടെ*
**പുനഃപ്രതിഷ്ഠയും നവീകരണകലശവും** *നടക്കുന്നതാണ്.*

## പ്രതിഷ്ഠ

**എട്ടാം ദിവസം 7-5-2019 ചൊവ്വാഴ്ച**
***(1194 മേടമാസം 23-ാം തിയ്യതി ചൊവ്വാഴ്ച)***
***കാലത്ത് 3-12 മുതൽ 4.26 വരെയുള്ള സമയത്ത്***
***(രോഹിണി നക്ഷത്രം മീനം രാശി) നടക്കുന്നതാണ്.***

ക്ഷേത്ര നവീകരണ ചടങ്ങുകളുടെ ഭാഗമാകാനും, പങ്കെടുക്കാനും കഴിയുക എന്നത് മനുഷ്യായുസ്സിൽ അപൂർവ്വമായി ലഭിക്കുന്ന സൗഭാഗ്യമാണ്. കലശ ചടങ്ങുകളിലേക്ക് ആവശ്യമായ ദ്രവ്യങ്ങൾ സമർപ്പിച്ചും, ഹോമങ്ങൾ, പരികലശങ്ങൾ, കലശപൂജകൾ തുടങ്ങിയവയ്ക്ക് വഴിപാടുകൾ സമർപ്പിച്ചും, ഇതിൽ പങ്ക് ചേരാവുന്നതാണ്. ഈ അസുലഭ പുണ്യ സന്ദർഭത്തിൽ മനസ്സും ശരീരവും സമർപ്പിച്ച്, സകുടുംബം ചടങ്ങുകളിൽ പങ്കെടുത്ത് ശ്രീവളർക്കാവിലമ്മയുടെ അനുഗ്രഹത്തിന് പാത്രീഭൂതരാകുവാൻ അഭ്യർത്ഥിക്കുന്നു.

എന്ന്, സെക്രട്ടറി
വളർക്കാവ് ക്ഷേത്രപുനരുദ്ധാരണ സമിതി
അഞ്ചേരി, തൃശൂർ

1

കവിത

# ഇരുളിൽ മറഞ്ഞ വെള്ളിനക്ഷത്രം

**ഓമന, കാറൽമണ്ണ – 9605906760**

അകാലത്തിൽ പൊലിഞ്ഞ എന്റെ പ്രിയ സഹോദരി
പ്രസന്നയുടെ ഓർമ്മയ്ക്കു മുന്നിൽ തീരാദുഃഖത്തോടെ!!!

ഒരു കുഞ്ഞുയാത്രാമൊഴിപോലും ചൊല്ലാതെ
എങ്ങുപോയ് മാഞ്ഞുവെൻ പ്രിയസഹോദരി...
സങ്കടക്കടലിലാഴ്ന്നൊരീ ഞങ്ങൾതൻ
ഹൃദയവേദനയറിഞ്ഞില്ലേ നീ!!

സ്മൃതികളിലുണരുന്നു നമ്മൾതൻ ബാല്യവും
കുഞ്ഞുകുഞ്ഞു പരാതി പരിഭവവും
ഒന്നായിത്തീർന്നൊരാ ബാല്യകൗമാരങ്ങൾ
മണ്ണാകുവോളം മറക്കുമോ ഞാൻ!

കഥകൾപറഞ്ഞും പാട്ടുകൾ പാടിയും
ഒന്നിച്ചുറങ്ങിയ രാവുകളും...
മണ്ണപ്പം ചുട്ടുകളിച്ച പകലിനും
വിസ്മൃതി പുൽകുവാനാകില്ലിനി...

അമ്പലക്കുളത്തിലെ നീന്തിക്കളിക്കലും
പള്ളിക്കൂടത്തിലേക്കുള്ള പോക്കും
പെരുമഴക്കാലത്തെ ഉറവയിൽകളിച്ചതു
മറക്കുവാനാകില്ലെൻ പ്രിയസോദരീ...

ആദ്യവുമന്ത്യവും കാറളമണ്ണയിൽ
ദൈവത്തിൻ നിയതിയിതായിരിക്കാം!
കാറളമണ്ണതൻ തേവർതൻ പ്രീതിയ്ക്കു
പാത്രമായ് നീയെത്ര ഭാഗ്യശാലി!

ദിനങ്ങൾ കൊഴിയട്ടെ... വത്സരവും....
കാലചക്രവും തിരിഞ്ഞിടട്ടേ....
എങ്കിലും കത്തുന്നദീപം കണക്കേ-
നിൻ പുഞ്ചിരി തൂകുന്നൊരാവദനം.

ഇനിയും മടക്കമില്ലാതെ നീ അന്ത്യമായ്-
പടിയിറങ്ങിപ്പോയോരാനിമിഷം....
വയ്യെന്റെ സോദരീ... താങ്ങുവാനായില്ല-
ആനിമിഷമെന്റെ ഹൃത്തിൻ വിങ്ങൽ....

അർപ്പിച്ചിടട്ടേയെൻ കണ്ണുനീർപുഷ്പങ്ങൾ
ദൈവം നിന്നാത്മാവിൻ കൂട്ടാകട്ടെ!
വിങ്ങുന്ന ചിത്തമേ ആശ്വസിക്കൂ നീ...
ഇന്നു ഞാൻ – നാളെ നീ.... എന്ന സത്യം. ●

*With best compliments from*

LL 04872320835
Mob: 9633898468
Mob: 9744187674

**GK GROUP**

(owned by C.G. Kutty/Ratnam Kattoor/Biju G Kutty/Binu G Kutty)

**ADVISORS, CONSULTANTS, COMMISSION AGENCY, BUSINESS ASSOCIATES**

C-1 Pearl Gardens, Near Co-op Society, Viyyur, Thrissur - 680 010, Kerala, India.
E-mail: gopalankutty48@gmail.com

# വൈവാഹികം

| | | | | | |
|---|---|---|---|---|---|
| | ശു | | ശിമാ | കു | |
| കുസ | ബു | ഗ്രഹനില അകത്ത് | | ല | ഗു മാ |
| | രമ | അംശകം പുറത്ത് | | | ശി |
| | | സ | | ചഗു | |
| | ബു | | ശു | ലര ചമ | |

Proposals are invited from well educated Pisharody boys for a Pisharody girl (CA+MBA). Presently working with a MNC in Mumbai. Height 153 cm.Interested parents may contact with matching horoscope and detailed biodata.

Contact no 9821110232.

ജനനം: 27-06-1168 (09-02-1993). നക്ഷത്രം: ഉത്രം.

---

| | | | | | |
|---|---|---|---|---|---|
| | | ലമ | കുച ശിമാ | രഭൃ | |
| | | | | രശി | |
| | | ഗ്രഹനില അകത്ത് | | ബുഗു | |
| ബുഗു | മ | അംശകം പുറത്ത് | | ചഭൃകു | |
| | ലസമാ | | | | |
| | | സ | | | |

Proposals are invited from parents of educated Pisharody girls for a Pisharody boy, aged 27-years, height: 168cms, M.Tech; currently working as Design Engineer in a Bangalore based European Company, Star: Makam in Mithunam. Interested parents may please contact: 00968-99702383/0091-82899 45542 (after checking horoscpe-match) or respond through email : prabhapisharody@yahoo.com

ജനനവർഷം 1991 ജൂലൈ 14ന് (1166 മിഥുനം 30) പകൽ 4 മണി 55 മിനിട്ടിന് മകം ക്ഷത്രത്തിൽ ജനനം. 4-5-19-48 കേതുശിഷ്ടം.

---

| | | | | | |
|---|---|---|---|---|---|
| | | | ര | ലച | |
| ശി | മ | മാ | | ല | |
| | കുഗു ശി | ഗ്രഹനില അകത്ത് | | | |
| മ | രച | അംശകം പുറത്ത് | | സ | മാ |
| കുബു | ബുശു | | | | സ |
| | | ഗുശു | | | |

പിഷാരസ്യാർ യുവതി, 21 വയസ്സ്, ഉയരം 163 സെ.മീ. തിരുവോണം നക്ഷത്രം, ഫസ്റ്റ് ഇയർ എം.കോമിന് പഠിക്കുന്നു. സ്വസമുദായത്തിൽ നിന്നും ജാതക ചേർച്ച നോക്കി അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Mob: 9847696892

ജനനതീയതി: 1998 ജനുവരി 28, 1173 മകരം 15, സമയം 5.17 p.m ജന്മദശ 4-2-3 ചന്ദ്രശിഷ്ടം.

## PET-2000

അറുപതാം പിറന്നാളിനോടനുബന്ധിച്ച് ശ്രീമതി ആർ. പത്മിനി ഗോപാലൻ (ചൈതന്യ, രാമപുരം പിഷാരം, മണലി, തൃശൂർ) പെൻഷൻ ഫണ്ടിലേക്ക് 7500/- രൂപ സംഭാവന നൽകിയിരിക്കുന്നു. നന്ദി അറിയിക്കുന്നു.

– സെക്രട്ടറി, PE & WS

# ശാഖാവാർത്തകൾ

## പട്ടാമ്പി

മാർച്ച് മാസത്തെ യോഗം 10-03-2019ന് ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീ. എം.പി. ഉണ്ണികൃഷ്ണന്റെ ഭവനമായ 'വിഷ്ണുപാദം' (വാടാനാംകുറുശ്ശി) ത്തിൽ വെച്ച് വൈസ് പ്രസിഡണ്ട് ഡോ. എ.പി. ഭരതന്റെ അദ്ധ്യക്ഷതയിൽ ചേർന്നു, ശ്രീമതി നിർമ്മലയും ശ്രീമതി രാഗിണിയും ചേർന്ന് പ്രാർത്ഥന ചൊല്ലി. ഗൃഹനാഥൻ യോഗത്തിനെത്തിയവരെ സ്വാഗതം ചെയ്തു. തുടർന്ന് ഏവരും ചേർന്ന് 'ശ്രീവിഷ്ണുഭുജംഗപ്രയാതം' പാരായണം ചെയ്തു.

ശ്രീമതി പ്രസന്ന (കുറുവട്ടൂർ), ശ്രീമതി ദേവകി പിഷാരസ്യാർ (മരുതൂർ), ജനാർദ്ദനൻ (ലക്നൗ), സുധീന്ദ്രൻ (തൃശൂർ), ശ്രീമതി തങ്കപിഷാരസ്യാർ (അഷ്ടമിച്ചിറ), ഡോ. സുധീർ ഗോപി (എറണാകുളം), ശ്രീ. അനൂപ് (കോലഞ്ചേരി) എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

സംസ്ഥാന അംഗൻവാടി ഹെൽപ്പർ അവാർഡ് നേടിയ അറക്കൽ പിഷാരത്ത് കൃഷ്ണകുമാരി പിഷാരസ്യാരെ യോഗം അനുമോദിച്ചു.

വേനൽകാല രോഗങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ അദ്ധ്യക്ഷൻ വിശദമായി സംസാരിക്കുകയും സദസ്യരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

എ.പി. രാമകൃഷ്ണൻ അവതരിപ്പിച്ച കഴിഞ്ഞ മാസത്തെ യോഗറിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച കണക്കുകളും യോഗം പാസ്സാക്കി.

കഴിഞ്ഞ മാസം ചേർന്ന കേന്ദ്ര ഭരണസമിതി യോഗത്തിൽ പങ്കെടുത്ത എ.പി. രാമകൃഷ്ണൻ യോഗതീരുമാനങ്ങൾ അറിയിച്ചു. ഏപ്രിൽ 21ന് ചേരുന്ന പ്രതിനിധിസഭാ യോഗത്തിലും മെയ് 19ന് ബാംഗ്ലൂരിൽ നടത്തുന്ന സമാജത്തിന്റെ വാർഷികത്തിലും ഏവരും പങ്കെടുക്കണമെന്ന ഭ്യർത്ഥിച്ചു.

അടുത്തമാസയോഗം 12-04-2019ന് വെള്ളിയാഴ്ച കൊടികുന്നത്ത് പിഷാരത്ത് വെച്ച് അച്യുതമ്മാന്റെ പിറന്നാൾദിവസം നടത്തുവാൻ തീരുമാനിച്ചു.

ശ്രീ.വി.പി. ഉണ്ണികൃഷ്ണന്റെ നന്ദിപ്രകടനത്തോടെ യോഗം ഒരുമണിയോടെ അവസാനിച്ചു.

## വടക്കാഞ്ചേരി

പിഷാരോടി സമാജം വടക്കാഞ്ചേരി ശാഖയുടെ മാർച്ച് മാസത്തെ യോഗം 17-03-2019ന് വൈകീട്ട് 3 മണിക്ക് എം.പി. സന്തോഷിന്റെ വസതിയായ മണലാടി പിഷാരത്തുവെച്ച് നടന്നു. മായാ സന്തോഷ് ഭദ്രദീപം കൊളുത്തി, പ്രാർത്ഥനക്കു ശേഷം എം.പി. സന്തോഷ് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ശേഖര പിഷാരോടി അദ്ധ്യക്ഷനായിരുന്നു.

യോഗത്തിൽ സമാജം ശാഖാ മന്ദിരത്തിലെ നവീകരണത്തെപ്പറ്റി ചർച്ച ചെയ്തു. ശാഖയുടെ അപേക്ഷ പ്രകാരം കേന്ദ്ര മീറ്റിംഗിൽ വെച്ച് ധന സഹായം നടത്തിയ ഇതരശാഖകൾക്കും പേഴ്സണൽ ആയും സഹായിച്ച എല്ലാവർക്കും ശാഖയുടെ പേരിൽ നന്ദി രേഖപ്പെടുത്തി. ഉടൻ തന്നെ ഇലക്ട്രിക് കണക്ഷനുവേണ്ടിയുള്ള പരിപാടികൾ തുടങ്ങാൻ തീർച്ചയാക്കി. ക്ഷേമനിധി തുടങ്ങി. മെയ് ആദ്യവാരം തീർത്ഥയാത്ര പോകാമെന്ന് കോർഡിനേറ്റർ എം.പി. ഉണ്ണികൃഷ്ണൻ പറഞ്ഞു. ചായസൽക്കാരത്തിനുശേഷം വി.പി. ഗോപിനാഥന്റെ നന്ദിപ്രകടനത്തോടെ യോഗം 5 മണിയോടെ സമാപിച്ചു.

## എറണാകുളം

ശാഖയുടെ മാർച്ച് മാസത്തെ യോഗം 10-03-2019ന് ചേരാനെല്ലൂരിൽ വിജയന്റെ ഭവനമായ ഐശ്വര്യയിൽ വെച്ച് ശാഖാ രക്ഷാധികാരി ശ്രീ. ഗോവിന്ദൻകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടി. ഡോ. സന്തോഷ് ബാലകൃഷ്ണന്റെ ഈശ്വര പ്രാർത്ഥനയോടെ യോഗം 3 മണിക്ക് തുടങ്ങി. ഇക്കഴിഞ്ഞ നാളുകളിൽ നമ്മെ വിട്ടുപിരിഞ്ഞ ആളുകൾക്ക് അനുശോചനം രേഖപ്പെടുത്തി.

ഗൃഹനാഥൻ ഏവർക്കും സ്വാഗതം നേർന്നു. കഴിഞ്ഞമാസത്തെ റിപ്പോർട്ട് സെക്രട്ടറി വായിച്ചു.

### എറണാകുളം ശാഖാവാർഷികം

തിയ്യതി: **2019 മെയ് 5 ഞായറാഴ്ച**

സ്ഥലം: **ഇടപ്പള്ളി എൻ.എസ്.എസ്. ഹാൾ**

സമയം: **ഉച്ചതിരിഞ്ഞ് 2 മണി മുതൽ**

എല്ലാ സമുദായസ്നേഹികളെയും
ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

24-02-2019ന് തൃശൂരിൽ കൂടിയ കേന്ദ്ര എക്സിക്യൂട്ടീവ് തീരുമാനങ്ങൾ സന്തോഷ് വിവരിച്ചു.

ജനറൽ സെക്രട്ടറി യോഗത്തിൽ പങ്കെടുക്കുകയും സമകാലീന കാലത്ത് സമുദായം നേരിടുന്ന വെല്ലുവിളികളെപ്പറ്റിയും ആചാരാനുഷ്ഠാനങ്ങൾ, ശ്രാദ്ധം എന്നിവയെക്കുറിച്ചും വിശദമായി സംസാരിച്ചു.

ദേവിക ഹരികൃഷ്ണൻ വ്യത്യസ്തമാർന്ന സംസ്കൃത ഗാനവും ശാലിനി ചലച്ചിത്രഗാനവും ആലപിച്ചു. ക്ഷേമനിധിയുടെ നറുക്കെടുപ്പിന് ശേഷം സന്തോഷ് മുരളി കൃതജ്ഞത രേഖപ്പെടുത്തി യോഗം 5 മണിക്ക് പിരിഞ്ഞു.

## ചൊവ്വര

ചൊവ്വര ശാഖയുടെ മാർച്ച് മാസത്തെ യോഗം 24-03-2019 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് കടുങ്ങല്ലൂർ ശ്രീ. കെ.പി. രവിയുടെ ഭവനമായ വിഷ്ണുമായയിൽ വെച്ച് പ്രസിഡണ്ട് ശ്രീ. സി.കെ. ദാമോദര പിഷാരോടിയുടെ അദ്ധ്യക്ഷതയിൽ മാസ്റ്റർ അമൽ കൃഷ്ണയുടെ ഈശ്വര പ്രാർത്ഥന, ശ്രീമതി ജ്യോത്സന രവിയുടെ നാരായണീയ പാരായണം എന്നിവയോടെ ആരംഭിച്ചു. ഈയിടെ അന്തരിച്ച ശ്രീ. സുധീർഗോപി, അഷ്ടമിച്ചിറ പിഷാരത്ത് ശ്രീമതി തങ്കം പിഷാരസ്യാർ, കുറുവട്ടൂർ പിഷാരത്ത് ശ്രീമതി പ്രസന്ന സുരേന്ദ്രൻ എന്നിവരുടെ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. നമ്മുടെ ചടങ്ങ് ക്ലാസ്സിൽ പഠിച്ച് ഒരു സംസ്കാരചടങ്ങ് ആദ്യമായി തനിയെ നടത്തി കൊടുത്ത ശ്രീ. ജിഷ്ണു പിഷാരോടിയേയും, ഡെറാഡൂണിൽ നടന്ന നാഷണൽ മാസ്റ്റേഴ്സ് ഗെയിമിൽ മത്സരിച്ച് സമ്മാനം നേടിയ ശ്രീ. നാരായണൻ ഉണ്ണിയേയും യോഗം അഭിനന്ദിച്ചു. അദ്ധ്യക്ഷപ്രസംഗത്തിനു ശേഷം മഞ്ചേരി ശാഖയിലെ സ്ഥലം ഉപയോഗിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു. ഈ കാര്യങ്ങൾ അതാത് രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ വിളിച്ച് അഭിപ്രായം ചോദിച്ച് നടപ്പാക്കുന്നതാണ് ഗുണകരം എന്ന് അഭിപ്രായപ്പെട്ടു. ചൊവ്വര ശാഖക്ക് സ്വന്തമായി ഒരു സ്ഥലവും കെട്ടിടവും വേണമെന്ന അഭിപ്രായം ശ്രീ. രവി പറഞ്ഞത് പ്രകാരം ചൊവ്വരയിൽ തന്നെ അതാകാമെന്നും അതിനുപറ്റിയ സ്ഥലം കണ്ടുപിടിക്കുന്നതിന് ശ്രീ. മധു, ജിഷ്ണു എന്നിവരെ ചുമതലപ്പെടുത്തി. ശാഖാവാർഷികത്തിന്റെ നോട്ടീസ് അടിക്കുവാൻ ശ്രീ. വിജയനെ ചുമതലപ്പെടുത്തി. കഴിഞ്ഞ മാസത്തെ റിപ്പോർട്ടും കണക്കുകളും ശ്രീ. മധു വായിച്ചത് യോഗം പാസ്സാക്കി. ക്ഷേമനിധി നറുക്കെടുപ്പും നടത്തി. അടുത്ത മാസത്തെ യോഗം 19-04-2019 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ചൊവ്വര ശ്രീ. രഘുനന്ദനന്റെ വസതിയായ ശ്രീനികേതനിൽ ചേരുവാൻ തീരുമാനിച്ചു. ശ്രീ. ജിഷ്ണുവിന്റെ നന്ദിപ്രകടനത്തോടെ യോഗം സമാപിച്ചു.

## ചെന്നൈ

പിഷാരോടി സമാജം ചെന്നൈ ശാഖയുടെ യോഗം 2019 ഫെബ്രുവരി 24ന് ഞായറാഴ്ച ശ്രീമതി രത്നം രാമന്റെ അണ്ണാനഗറിലുള്ള വസതിയിൽവെച്ച് പ്രസിഡണ്ട് ശ്രീ. കരുണാകരപിഷാരോടിയുടെ അദ്ധ്യക്ഷതയിൽ നടന്നു. തേയില സൽക്കാരത്തിനുശേഷം കുമാരിമാർ പല്ലവി, ശിഖ, മാസ്റ്റർ അനിരുദ്ധ് എന്നിവരുടെ പ്രാർത്ഥനയോടുകൂടി തുടങ്ങിയ യോഗത്തിലേക്ക് സെക്രട്ടറി ശ്രീ. ഗോപി ചുങ്ങത്ത് സമുദായാംഗങ്ങളെ സ്വാഗതം ചെയ്തു. ചെന്നൈ ശാഖയുടെ ഒരു പ്രധാന അംഗവും ശാഖാ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ഒരു പ്രധാന പങ്കുവഹിച്ചിരുന്നയാളുമായ ദിവംഗതനായ ശ്രീ. ധനശേഖരപിഷാരോടിയുടെ ചരമവാർഷികം കൂടിയായിരുന്ന യോഗദിവസം അദ്ദേഹത്തിന്റെ സ്മരണക്കായും കാശ്മീരിലെ പുൽവാമയിൽ വീരചരമം പ്രാപിച്ച സൈനികർക്ക് വേണ്ടിയും അംഗങ്ങൾക്ക് രണ്ട് നിമിഷം മൗനപ്രാർത്ഥന നടത്തി.

ശരീരം, മനസ്സ്, ബുദ്ധി എന്നിവ സംയോജിപ്പിച്ച് ഒരു ബിന്ദുവിൽ നിർത്തുന്നതിനായുള്ള ജീവനകലയായ 'യോഗ' എന്നാൽ എന്താണ്, അതിനുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാം? എങ്ങനെ ചെയ്യണം എന്നതിനെയെല്ലാം കുറിച്ച് ശ്രീ. സി. സുന്ദരേശന്റെ പ്രഭാഷണമായിരുന്നു യോഗത്തിലെ ഒരു പ്രധാന ഇനം.

ജോയിന്റ് സെക്രട്ടറി ബിജോയുടെ മുൻ യോഗത്തിന്റെ റിപ്പോർട്ടിങ്ങിന് ശേഷം വരുന്ന വിഷു ആഘോഷത്തോടനുബന്ധിച്ച് നടത്തേണ്ട യോഗത്തെക്കുറിച്ച് വിശദമായ ചർച്ച നടന്നു. ഏപ്രിൽ മാസത്തെ വിഷു മീറ്റിംഗ് 7-ാം തിയ്യതി ഞായറാഴ്ച നടത്താനും വേദിയും മറ്റു വിശദവിവരങ്ങളും പിന്നീട് അറിയിക്കാമെന്നും ധാരണയായി.

അതിനുശേഷം ശ്രീ. ടി.പി. സുകുമാരന്റെ നന്ദിപ്രകടനത്തോടെ യോഗം പിരിഞ്ഞു.

# 60-ാം പിറന്നാൾ ആശംസകൾ



# ആർ. പത്മിനി ഗോപാലൻ

"ചൈതന്യ"
രാമപുരം പിഷാരം, മണലി, തൃശൂർ
ഭർത്താവ്: കാറളം കൈനിലപിഷാരത്ത് പരേതനായ കെ.പി. ഗോപാലൻ



23-03-2019ന് ഷഷ്ടിപൂർത്തി ആഘോഷിച്ച പത്മിനി ഗോപാലൻ മകൾ അനിത ഹരികൃഷ്ണൻ, മരുമകൻ കെ.പി. ഹരികൃഷ്ണൻ, പേരക്കുട്ടികളായ ദേവിക ഹരികൃഷ്ണൻ, ഗോവിന്ദ് ഹരികൃഷ്ണൻ എന്നിവരോടൊപ്പം.



അമ്മ സരോജിനി പിഷാരസ്യാരോടൊപ്പം

# 84 ാം പിറന്നാൾ ആശംസകൾ

## മാർച്ച് 26, 2019



## പരക്കാട്ട് പിഷാരത്ത് നാരായണി(അമ്മിണി) പിഷാരസ്യാർ

**ഭർത്താവ്:**

**പരേതനായ തൃപ്രയാർ പടിഞ്ഞാറെ പിഷാരത്ത് രാഘവ പിഷാരടി**

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ | പ്രപൗത്രർ |
|---|---|---|---|
| ഗോപിനാഥൻ | സുമ | ഗായത്രി രഞ്ജിത്<br>ആദർശ് | |
| നന്ദൻ | സാവിത്രി | വന്ദന അജയ്,<br>സഞ്ജന | |
| ലക്ഷ്മിദേവി | എൻ പി ഗോപിനാഥ് | അഞ്ജലി രാംകുമാർ,<br>അർജ്ജുൻ | ശ്രീനന്ദ |
| രാമചന്ദ്രൻ | ധനലക്ഷ്മി | ഹരിത, ഹർഷ | |
| രാജേശ്വരി | വി പി മുരളീധരൻ | കാർത്തിക ശ്രീകുൽ<br>കീർത്തന | സത്യജിത് |

# സ്മരണാഞ്ജലികൾ



## ടി. ബാലകൃഷ്ണൻ

(19. 05. 1935 – 11. 04. 2017)

കിഴക്കെ തൊണ്ണങ്ങാമത്ത് പിഷാരം (തൃശ്ശൂർ)

പത്നി: പരേതയായ എസ്. മാധവിക്കുട്ടി പിഷാരസ്യാർ
ഋഷിനാരദമംഗലം പിഷാരം

ദുഃഖസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# ആദരാഞ്ജലികൾ



## പി. കെ. ജനാർദ്ദനൻ (64)

പുതുമനശ്ശേരി പിഷാരം

അകതിയൂർ

മരണം: 05 – 03 – 2019

സ്നേഹസ്മരണകളോടെ

ഭാര്യ: ഉഷ ജനാർദ്ദനൻ (കാണിനാട് പടിഞ്ഞാറെ പിഷാരം)
മക്കൾ: ജതിൻ ജനാർദ്ദനൻ, ഉദിത് ജനാർദ്ദനൻ
മരുമകൾ: നികിത ജതിൻ
സഹോദരങ്ങൾ: ജയന്തി രവീന്ദ്രൻ, വിനോദ് പിഷാരോടി

# ആദരാഞ്ജലികൾ



## ആമയൂർ പിഷാരത്ത്
## ഗോവിന്ദപിഷാരോടി

ചരമം: 24. 04. 2013

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

## കോങ്ങാട്

പിഷാരോടിസമാജം കോങ്ങാട് ശാഖയുടെ മാർച്ച് മാസത്തെ യോഗം 09-03-2019 ശനിയാഴ്ച രാവിലെ 10 മണിക്ക് കരിമ്പുഴ സോമന്റെ വസതിയായ പഴയപിഷാരത്തുവെച്ച് പ്രസിഡണ്ട് ശ്രീ. കെ.പി. രാമചന്ദ്രപിഷാരോടിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി.

യോഗത്തിൽ അതുൽ പ്രാർത്ഥനയും ഉഷാദേവി പുരാണപാരായണവും നടത്തി. യോഗത്തിൽ 25-ഓളം പേർ പങ്കെടുത്തു. എല്ലാവർക്കും ശ്രീ. സോമൻ സമുചിതമായി സ്വാഗതമാശംസിച്ചു.

പുൽവാമ ഭീകരാക്രമണത്തിൽ വീരജവാൻ അഭിനന്ദൻ വർത്തമാന്റെ വീരോജ്ജിതമായ നേട്ടത്തിൽ പൗരസംഘടന എന്ന നിലയിൽ പിഷാരോടി സമാജം കോങ്ങാട് ശാഖ അദ്ദേഹത്തെ അനുമോദിച്ചു.

കരിമ്പുഴ ചക്രത്ത് പിഷാരത്ത് ശ്രീധരപിഷാരോടി, കല്ലുവഴി മാധവി പിഷാരസ്യാർ (പാലൂർ) എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. കൂടാതെ പുൽവാമ ഭീകരാക്രമണത്തിൽ മരണമടഞ്ഞ വസന്തകുമാറിനും മറ്റു സൈനികർക്കും ആദരാഞ്ജലികളർപ്പിക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

അദ്ധ്യക്ഷൻ ഉപക്രമപ്രസംഗത്തിൽ വളരെ കാലത്തിനുശേഷം കരിമ്പുഴയിൽ ശാഖായോഗം നടത്താൻ സഹകരിച്ച തങ്കമണി, സോമൻ എന്നിവർക്കും കുടുംബത്തിനും സന്തോഷവും നന്ദിയും രേഖപ്പെടുത്തി. മാത്രമല്ല പരേതനായ രാമപിഷാരോടിയുടെ (സോമന്റെ പിതാവ്) വ്യക്തിപരമായും സമാജത്തിനോടുമുള്ള ബന്ധത്തെക്കുറിച്ചും അദ്ദേഹം ഓർമ്മിച്ചു. കഴിഞ്ഞ മാസത്തെ കേന്ദ്ര മീറ്റിംഗിനെക്കുറിച്ച് വിവരിച്ചു.

സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു പാസ്സാക്കി.

സംഘടനാചർച്ചയിൽ, കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ പൂർണ്ണമായും നല്ലതോതിൽ നടക്കുന്നുണ്ടെന്ന് എം.പി. ഹരിദാസൻ (ഓഡിറ്റർ) വിവരിച്ചു. കേന്ദ്ര പൊതുയോഗതീരുമാനങ്ങളെക്കുറിച്ച് സംസാരിച്ചു. കേന്ദ്രവാർഷികത്തിന്റെ മുന്നോടിയായി പ്രതിനിധികളുടെ ലിസ്റ്റ് തയ്യാറാക്കി അയക്കാൻ തീരുമാനിച്ചു.

തുടർന്ന് സുഭാഷിതം പരിപാടിയിൽ എം.പി. ഹരിദാസൻ ശിവരാത്രിയോടനുബന്ധിച്ചുള്ള ശിവാലയ ഓട്ടത്തെക്കുറിച്ച് വിശദീകരിച്ചു.

പിന്നീട് ക്ഷേമനിധിക്കുശേഷം, ശ്രീ. കെ.പി. അച്ചുണ്ണിപിഷാരോടി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി, യോഗം അവസാനിച്ചു. അടുത്ത മാസത്തെ യോഗം ഏപ്രിൽ 14-ാം തിയ്യതി മുണ്ടൂർ ചന്ദ്രശേഖരന്റെ ഭവനമായ ഭാമാമന്ദിരത്തിൽ വെച്ച് കൂടുവാൻ തീരുമാനിച്ചു.

**മഹിളാവിംഗ്:-**

ശാഖയുടെ മഹിളാവിംഗിന്റെ മാർച്ച് മാസത്തെ യോഗം 17-03-2019 ഞായറാഴ്ച രാവിലെ 11 മണിക്ക് കോങ്ങാട് രാധാ ലോഹിതന്റെ ഭവനമായ മുണ്ടയിൽപിഷാരത്ത് വെച്ച് സെക്രട്ടറി ഗീത കെ.പിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗത്തിൽ വിഷ്ണുമായ, അമേയ എന്നിവർ പ്രാർത്ഥനയും എല്ലാവരും കൂടി നാരായണീയപരായണവും നടത്തി. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും രാധ ലോഹിതൻ സ്വാഗതമാശംസിച്ചു. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. സുഭാഷിതത്തിൽ ഉഷ ശ്രീകൃഷ്ണ ദ്വാദശാക്ഷരീ സ്തോത്രം അവതരിപ്പിച്ചു. (ഓം നമോ ഭഗവതേ വാസുദേവായ) തുടർന്ന് ക്ഷേമനിധിക്കുശേഷം പത്മിനി പിഷാരോടി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

## തിരുവനന്തപുരം

ശാഖയുടെ മാർച്ച് മാസത്തെ കുടുംബസംഗമം 24-03-2019ന് ശ്രീ. അനൂപിന്റെ വസതിയിൽ വെച്ച് നടന്നു. ശ്രീമതി സത്യഭാമയുടെ ഈശ്വരപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. കുടുംബസംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ശ്രീ. അനൂപ് സ്വാഗതം ആശംസിച്ചു. തുടർന്ന് ശ്രീമതി പത്മാവതി പിഷാരസ്യാർ സ്വാഗതം ആശംസിച്ചു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീമതി ആരതി, പ്രിയ, പ്രദീപ്, വൈഭവ് എന്നിവർ സമാജത്തിന്റെ സ്ഥിരാംഗത്വം എടുത്തു. തുളസീദളത്തിന്റെ വരിസംഖ്യ കൃത്യമായി എല്ലാവരും തരണമെന്നും, അല്ലാത്തവർക്ക് ഏപ്രിൽ മുതൽ തുളസീദളം വരുന്നതല്ലെന്നും ട്രഷറർ അറിയിച്ചു.

കോങ്ങാട് ശാഖാംഗവും, കേന്ദ്ര സമിതിയിൽ ഇന്റേണൽ ഓഡിറ്ററുമായ ശ്രീ. എം.പി. ഹരിദാസ് കുടുംബസംഗമത്തിൽ പങ്കെടുത്തു. അദ്ദേഹം സമാജം, സൊസൈറ്റി, തുളസീദളം, ഗുരുവായൂർ ഗസ്റ്റ്ഹൗസ് എന്നിവയുടെ പ്രവർത്തനങ്ങളെക്കു

റിച്ച് വിശദമായി പ്രതിപാദിച്ചു. മഞ്ചേരി ശാഖയുടെ കീഴിലുള്ള 1 ഏക്കർ 26 സെന്റ് സ്ഥലം പിഷാരടി എഡ്യുക്കേഷണൽ & വെൽഫെയർ സൊസൈറ്റിയുടെ പേരിലാക്കിയശേഷം അവിടെ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് ആലോചിക്കാമെന്ന് യോഗം അഭിപ്രായം രേഖപ്പെടുത്തി. ശാഖയുടെ പുതിയതായി പ്രസിദ്ധീകരിക്കുന്ന ഡയറക്ടറിയിൽ അംഗങ്ങളുടെ ഫോട്ടോയും കൂടി ഉൾപ്പെടുത്തി അടുത്തമാസം തന്നെ പ്രസിദ്ധീകരിക്കുമെന്ന് പ്രസിഡണ്ട് ശ്രീ. ജെ.സി. പിഷാരടി പറഞ്ഞു. ഏപ്രിൽ 21ന് കൂടുന്ന പ്രതിനിധിസഭാ യോഗത്തിൽ കഴിയുന്നത്ര പ്രതിനിധികൾ പങ്കെടുക്കുവാൻ തീരുമാനിച്ചു. ശ്രീ. ജി.പി. ഗോപിനാഥിന്റെ മാന്ത്രിക പ്രകടനത്തോടെ യോഗം അവസാനിച്ചു. തുടർന്ന് സദ്യയും നടന്നു. അടുത്തമാസത്തെ യോഗം ഏപ്രിൽ 28ന് ശ്രീ. ദേവദാസിന്റെ വസതിയിൽ നടത്തുന്നതാണ്.

## പാലക്കാട്

പാലക്കാട് ശാഖയുടെ മാർച്ച് മാസത്തെ യോഗം 17-03-2019 ഞായറാഴ്ച ശ്രീ. എം.പി. രാമചന്ദ്രന്റെ (സഹധർമ്മിണി: ശ്രീമതി യു. പ്രസന്ന) ഭവനമായ 'സാകേതം'-ൽ (കല്ലേക്കുളങ്ങര, പാലക്കാട്-9) വെച്ച് നടത്തപ്പെട്ടു.

ഗൃഹനാഥന്റെ പ്രാർത്ഥനയും സ്വാഗതച്ചടങ്ങിനും ശേഷം ശ്രീമതി എം.പി. ശാരദ പിഷാരസ്യാരുടെ (ഗൃഹനാഥന്റെ അമ്മ) നേതൃത്വത്തിൽ പുരാണപാരായണവും നടന്നു.

ഈയടുത്തകാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ സ്വജനാംഗങ്ങൾക്ക് മൗനപ്രാർത്ഥനയോടെ യോഗം അനുശോചനം രേഖപ്പെടുത്തി.

അദ്ധ്യക്ഷപ്രസംഗത്തിൽ ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ (ശാഖാ പ്രസിഡണ്ട്) സമാജം ആസ്ഥാനമന്ദിരത്തിൽ 24-02-2019ൽ നടന്ന സംയുക്ത ഭരണസമിതി യോഗത്തിലെ തീരുമാനങ്ങളെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. അതിൽ മഞ്ചേരി ശാഖയുടെ 1 ഏക്കൽ 26 സെന്റ് സ്ഥലത്തിൽ ഉദ്ദേശിക്കുന്ന ഉപകാരപ്രദമായ ഏതെങ്കിലും പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയുണ്ടായി. സമാജത്തിന്റെ ക്ഷേമതാൽപ്പര്യങ്ങളെ മുൻനിർത്തി കേന്ദ്ര കമ്മിറ്റിയും മഞ്ചേരി ശാഖയും ചേർന്ന് സദുദ്ദേശപരമായി കൈക്കള്ളുന്ന ഏത് തീരുമാനത്തോടും പാലക്കാട് ശാഖാംഗങ്ങളുടെ പിന്തുണയുണ്ടാകുമെന്ന് പൊതുവെ ധാരണയുണ്ടായി. പിന്നെ, ബാംഗ്ലൂരിൽ മെയ് 19-ാം തിയ്യതി നടത്തുവാനുദ്ദേശിക്കുന്ന കേന്ദ്രവാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന കാര്യത്തിൽ അനുകൂല പ്രതികരണമൊന്നും ഉണ്ടായില്ല.

സുഭാഷിതം പരിപാടിയിൽ ശ്രീ. എം.പി. രാമചന്ദ്രന്റെ അവതരണം വളരെ ഹൃദ്യമായിരുന്നു. അതോടൊപ്പം ശ്രീ. കെ.ആർ. രാമഭദ്രന്റെ നാരായണീയം (ആറാം ദശകം) വിശകലനം വിശേഷാൽ ഭക്തിരസപ്രദമായിരുന്നുതാനും.

അടുത്ത മാസത്തെ യോഗം 21-04-2019ന് ശ്രീ. എ. രാമചന്ദ്രൻ അവർകളുടെ മാട്ടുമൊന്തയിലുള്ള ഭവനത്തിൽവെച്ച് നടത്തുവാനും തീരുമാനിച്ചു.

ശ്രീ. എം.പി. മുരളീധരന്റെ (ആയുർവ്വേദ ഡോക്ടർ) നന്ദിപ്രകാശനത്തോടെ യോഗം പര്യവസാനിച്ചു.

## മുംബൈ

390-ാമത് ഭരണസമിതി യോഗം ശ്രീ. എ. ഉണ്ണികൃഷ്ണന്റെ ഠാണ ഗോഡ്ബന്ദർ റോഡിലുള്ള കോസ്മോസ് ഹവായിയൻ ബംഗ്ലാവിൽ വെച്ച് 17-03-2019 ന് രാവിലെ 10.30ന് പ്രസിഡണ്ട് ശ്രീ. എ.പി. രഘുപതിയുടെ അദ്ധ്യക്ഷതയിൽ കുമാരിമാർ ആര്യ ശശികുമാർ, അനുശ്രീ അരുൺ, അർച്ചന അനിൽ എന്നിവരുടെ പ്രാർത്ഥനയോടെ തുടങ്ങി.

ഗൃഹനാഥൻ ശ്രീ. ഉണ്ണികൃഷ്ണൻ എല്ലാ അംഗങ്ങളെയും യോഗത്തിലേക്കും തുടർന്നുള്ള കുടുംബ സംഗമത്തിലേക്കും സ്വാഗതം ചെയ്തു. ഇക്കഴിഞ്ഞ ഒരു മാസക്കാലയളവിൽ അന്തരിച്ച സമുദായാംഗങ്ങളുടെ പേരിൽ അനുശോചനം രേഖപ്പെടുത്തി.

മുൻ യോഗറിപ്പോർട്ട്, കണക്കുകൾ എന്നിവ യോഗം അംഗീകരിച്ചു. തുളസീദളം, PE&WS വരിസംഖ്യ എന്നിവ മാർച്ച് 31ന് മുമ്പായി കേന്ദ്രത്തിലേക്ക് അയക്കുവാൻ ഖജാൻജിയെ ചുമതലപ്പെടുത്തി.

അംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് വിദ്യാഭ്യാസ അവാർഡുകളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ച് അവാർഡ് നിധി വർദ്ധിപ്പിക്കുന്നതിനായി, അവ ഏർപ്പെടുത്തിയവർക്കയച്ച അഭ്യർത്ഥനക്ക് വളരെ നല്ല പ്രതികരണമാണ് ഇതുവരെ ലഭിച്ചതെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. യോഗം അവർക്ക് നന്ദി

രേഖപ്പെടുത്തി.

കേന്ദ്ര എക്സിക്യൂട്ടീവ് മീറ്റിംഗിന്റെ അജണ്ട യോടൊപ്പം സമാജത്തിന്റെയും വിവിധ ഉപവിഭാ ഗങ്ങളുടെയും ത്രൈമാസ വരവ്-ചെലവു കണക്കു കൾ കൂടി അയച്ചു തന്നിരുന്ന പതിവ് കുറെക്കാല മായി നിർത്തിയത് പുനരാരംഭിക്കണമെന്ന് കേന്ദ്ര ത്തോട് അഭ്യർത്ഥിക്കുവാൻ യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുടർന്ന് കുറച്ചു നേരത്തെ വിവിധ വിനോദപരിപാടികൾക്കുശേഷം അംഗ ങ്ങൾ പരസ്പരം പരിചയപ്പെട്ടു. ശാഖയിലെ മറ്റൊ രംഗം അടുത്ത വിനോദയാത്ര തന്റെ അസംഗാവി നടുത്തുള്ള ഫാം ഹൗസിലേക്കാവാമെന്ന് പറ ഞ്ഞത് യോഗം സഹർഷം സ്വാഗതം ചെയ്തു.

അടുത്ത വാർഷികാഘോഷം ഡിസംബർ 1ന് നടത്തുവാൻ തീരുമാനിച്ചു. വേണ്ടുന്ന മുന്നൊരു ക്കങ്ങൾ നടത്തുവാൻ ശ്രീ. വി.ആർ. മോഹനനെ ചുമതലപ്പെടുത്തുകയും ചെയ്തു.

പിക്നിക് കമ്മിറ്റി അംഗങ്ങൾ സ്വയം പാകം ചെയ്തൊരുക്കിയ സ്വാദിഷ്ടമായ ഉച്ചഭക്ഷണ ത്തിനു ശേഷം വിവിധ കായിക മത്സരങ്ങൾ അര ങ്ങേറി.

ഏകദേശം 4 മണിയോടെ വൈകുന്നേരത്തെ ലഘുഭക്ഷണത്തിനു ശേഷം മത്സരങ്ങളിൽ പങ്കെ ടുത്ത കൊച്ചു കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. വേദിയും, ചായ, മറ്റു പാനീയങ്ങൾ, ലഘുക്ഷണം എന്നിവയും ഒരുക്കിയ ശ്രീ. എ. ഉണ്ണികൃഷ്ണനും കുടുംബത്തിനും നന്ദി പ്രകാശിപ്പിച്ച് അടുത്ത യോഗം മെയ് 5ന് കൂടുന്നതിന് തീരുമാനിച്ച് യോഗം പര്യവസാനിച്ചു.

## ബാംഗ്ലൂർ

ബാംഗ്ലൂർ ശാഖയുടെ ഈ മാസത്തെ യോഗം മാർച്ച് 24 ഞായറാഴ്ച രാവിലെ 10 മണിക്ക് വിമാനപുര-അന്നസാന്ദ്രപാളയയിലെ കോർപ്പറേ റ്ററുടെ കാര്യാലയത്തിൽ വെച്ച് പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരടിയുടെ അധ്യക്ഷതയിൽ വളരെ ലളിതമായി നടത്തി. കുമാരി ബ്രിന്ദയുടെ ഈശ്വ രപ്രാർത്ഥനക്ക് ശേഷം യോഗം ആരംഭിച്ചു. അടു ത്തിടെ നമ്മെ വിട്ടുപോയ സമുദായാംഗങ്ങളുടെ ആത്മാർക്കൾക്ക് വേണ്ടി മൗനപ്രാർത്ഥന നടത്തി. സെക്രട്ടറി എല്ലാവരെയും സ്വാഗതം ചെയ്ത ശേഷം റിപ്പോർട്ട് വായിച്ചു. പ്രസിഡണ്ട്, വിദ്യാര ണ്യപുരയിലുള്ള സമാജം സ്ഥലം സന്ദർശിച്ച തിനെപ്പറ്റി വിശദീകരിച്ചു. കൂടാതെ കേന്ദ്രഭരണസ മിതിയുടെ അഭിപ്രായപ്രകാരം, മെയ് 19ന് ബാംഗ്ലൂ രിൽ വെച്ച് നടത്താനുദ്ദേശിക്കുന്ന കേന്ദ്രവാർഷിക പൊതുയോഗത്തിനെപ്പറ്റി സമഗ്രമായ ചർച്ച നട ത്തുകയും കേന്ദ്രഭരണസമിതിയുമായി കൂടിയാ ലോചിച്ച് മുന്നത്തെ വരവുചിലവുകളും, പരിപാ ടിയെ പറ്റിയുള്ള ധാരണ എന്നിങ്ങനെ ഉള്ളവ വില യിരുത്തി തീരുമാനങ്ങൾ കൈകൊള്ളാമെന്ന് സഭാംഗങ്ങളടക്കം ഒന്നടങ്കം തീരുമാനിച്ചു. കൂടു തൽ സമുദായ അംഗങ്ങൾ, പ്രത്യേകിച്ചും, ചെറു പ്പക്കാരെ മുന്നോട്ട് കൊണ്ടുവരാൻ എല്ലാ ശാഖ കളും തയ്യാറാവണമെന്നതിനെ പറ്റിയും ചർച്ച ഉണ്ടായി. ജോ. സെക്രട്ടറി ശ്രീ. നന്ദകുമാർ പങ്കെ ടുത്ത എല്ലാ അംഗങ്ങൾക്കും കൂടാതെ സമാഗമ സ്ഥലം ഒരുക്കിതന്ന പ്രസിഡണ്ട് ശ്രീ. ദിനേശ് പിഷാരടിക്കും നന്ദി പ്രകാശിപ്പിച്ച ശേഷം യോഗം അവസാനിച്ചു.

## കൊടകര

പിഷാരോടി സമാജം കൊടകര ശാഖയുടെ 2019 മാർച്ച് മാസത്തെ യോഗം 17-03-2019 ഞായ റാഴ്ച ഉച്ചക്ക് 3 മണിക്ക് കാരൂർ പിഷാരത്ത് ശ്രീ. രാഘവ പിഷാരോടിയുടെ ഭവനത്തിൽവെച്ച് നട ന്നു. കുമാരി രാജശ്രീ ജെയ്ശീൽ ആലപിച്ച ഹൃദ്യ മായ പ്രാർത്ഥനാഗാനത്തോടെ യോഗം ആരംഭി ച്ചു. പരേതരായ സമാജം അംഗങ്ങളായ അഷ്ടമി ച്ചിറ പിഷാരത്ത് തങ്കം പിഷാരസ്യാർ, ശാഖക്കും പിഷാരോടി സമാജത്തിനും ഏറെ സ്മരണീയ നായ ശ്രീ. സുധീർഗോപി എന്നിവരുടെയും മറ്റു പരേതരായ ആത്മാക്കൾക്കും ആത്മശാന്തി നേർന്ന് മൗനമാചരിച്ചു. ഗൃഹനാഥനായ ശ്രീ. രാഘവ പിഷാരോടി ഏവരേയും ഹൃദ്യമായി സ്വാഗതം ചെയ്തു. ശാഖാ പ്രസിഡണ്ട് ശ്രീ. ടി. വി.എൻ. പിഷാരോടി അദ്ധ്യക്ഷത വഹിച്ച് സംസാ രിച്ചു. ശാഖായോഗം എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച ആണെങ്കിലും ഏപ്രിൽ മാസത്തിൽ കേന്ദ്ര പ്രതിനിധിയോഗം നടക്കുന്ന സാഹചര്യ ത്തിൽ നാലാമത്തെ ഞായറാഴ്ചയിലേക്കു മാറ്റേണ്ടി വരുന്ന വിവരം യോഗത്തെ ധരിപ്പിച്ചു. ശാഖാ വാർഷികം ആയി നടത്തപ്പെടുന്ന യോഗ ത്തിൽ ഏവരും സഹകരിക്കണമെന്നും കൂടുതൽ പേരെ പങ്കെടുപ്പിക്കണമെന്നും അധ്യക്ഷൻ അഭി പ്രായപ്പെട്ടു. ശാഖാ സെക്രട്ടറി ഫെബ്രുവരിമാ സത്തെ യോഗറിപ്പോർട്ടും, ഖജാൻജി കണക്കും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. സംസ്ഥാ നതലത്തിൽ മികച്ച അങ്കണവാടി പ്രവർത്തക യായി അംഗീകാരത്തിന്റെ നിറവിലേക്ക് ഉയർത്ത

പ്പെട്ട ശ്രീമതി എ.പി. കൃഷ്ണകുമാരിക്ക് അനുമോദനങ്ങൾ നേർന്നു. ശാഖാ വാർഷികത്തിൽ ഇത്തരം വിവിധ സ്ഥാനങ്ങൾ കരസ്ഥമാക്കിയ അംഗങ്ങളെ ആദരിക്കുന്നതിനും അനുമോദിക്കുന്നതിനും തീരുമാനിച്ചു. കേന്ദ്രയോഗത്തിൽ പങ്കെടുത്ത ശാഖാ പ്രതിനിധികൾ വിശദമായി യോഗവിവരം ചർച്ച ചെയ്യുകയും പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കുന്നതിന്റെ ആവശ്യകതയും വിശദീകരിച്ചു. വിവിധ വിഷയങ്ങളിൽ വിശദമായ ചർച്ച നടന്നു. നിർദ്ധനനായ ശാഖാംഗം ഭവന നിർമ്മാണത്തിനു സഹായം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ യോഗം ചർച്ച ചെയ്തു കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്തു. ഈ അപേക്ഷ മുൻ വർഷത്തിൽ കേന്ദ്രത്തിലേക്ക് സമർപ്പിച്ചെന്നും കേന്ദ്രം അത് പാസ്സാക്കിയെന്നും അപേക്ഷകനെ അറിയിച്ചതാണെന്നും ശാഖാ മുൻകയ്യെടുക്കാത്തതാണ് ധനസഹായം ലഭിക്കുന്നതിന് താമസമെന്നും അപേക്ഷകനെ ഒരു കേന്ദ്ര ഭാരവാഹി അറിയിച്ചു എന്ന് യോഗത്തിൽ അറിയിച്ചു. ഈ വിഷയം കേന്ദ്ര സെക്രട്ടറിയുമായി സംസാരിച്ചെന്നും ശാഖയിലൂടെ വേണം അപേക്ഷ നൽകണമെന്നാണ് അപേക്ഷകനോട് അറിയിച്ചതെന്നും

## പിഷാരോടി സമാജം പ്രതിനിധിസഭായോഗം

പിഷാരോടി സമാജത്തിന്റെയും അനുബന്ധ ഘടകങ്ങളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കണക്കും ചർച്ച ചെയ്ത് അംഗീകരിക്കുന്നതിനും ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുന്നതിനും വേണ്ടിയുള്ള പ്രതിനിധിസഭായോഗം 21-04-2019 ഞായറാഴ്ച രാവിലെ 10ന് തൃശൂരിൽ സമാജം ആസ്ഥാനമന്ദിരത്തിൽവെച്ച് സമാജം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. യോഗത്തിന് എല്ലാ അംഗങ്ങളും സജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ.പി. ഹരികൃഷ്ണൻ
ജനറൽ സെക്രട്ടറി

**അജണ്ട**

**10 am to 11.30 am**

പ്രാർത്ഥന

സ്വാഗതം

അനുശോചനം

അദ്ധ്യക്ഷപ്രസംഗം

**പിഷാരോടി സമാജം**

1) 2018-19 വർഷത്തെ റിപ്പോർട്ട് & കണക്ക് അവതരണം, 2019-20 ലേക്കുള്ള ബഡ്ജറ്റ്
2) വാർഷിക സമ്മേളനം
3) കേന്ദ്ര രക്ഷാധികാരി തസ്തിക സംബന്ധിച്ച്

**11.30 am to 12.30 pm**

**PP & TDT**

1) 2018-19 വർഷത്തെ റിപ്പോർട്ട് & കണക്ക് അവതരണം, 2019-20 ലേക്കുള്ള ബഡ്ജറ്റ്

**12.30 pm to 1.30 pm**

**തുളസീദളം**

1) 2018-19 വർഷത്തെ റിപ്പോർട്ട് & കണക്ക് അവതരണം, 2019-20 ലേക്കുള്ള ബഡ്ജറ്റ്

**1.30 pm to 2 pm - ഉച്ചഭക്ഷണം**

**2 pm**

**PE & WS**

1) 2018-19 വർഷത്തെ റിപ്പോർട്ട് & കണക്ക് അവതരണം, 2019-20 ലേക്കുള്ള ബഡ്ജറ്റ്

**3 pm**

അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങൾ

കൃതജ്ഞത

NB:- നിയമാവലി അനുസരിച്ച് പ്രതിനിധിസഭാ അംഗങ്ങൾ പിഷാരോടി സമാജത്തിന്റെയും അനുബന്ധ ഘടകങ്ങളുടെയും അംഗത്വം ഉള്ളവരാകണം. വരിസംഖ്യ കുടിശ്ശിക വരുത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുകയും വേണം.

കേന്ദ്ര യോഗത്തിൽ പങ്കെടുത്ത പ്രതിനിധി യോഗത്തിൽ വിശദീകരിച്ചു. കേന്ദ്രത്തിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള സഹായം ലഭ്യമാക്കുന്നുവെങ്കിൽ അത് കൃത്യമായി ശാഖാ ഭാരവാഹികളെ അറിയിക്കാറുണ്ടെന്നും ആയതു അപേക്ഷകർക്ക് ലഭ്യമാക്കുമെന്നും ശാഖാ ഭാരവാഹികൾ അറിയിച്ചു. എങ്കിലും ഇത്തരത്തിൽ തെറ്റിദ്ധാരണാജനകമായ അറിയിപ്പുകൾ ആരു നൽകിയാലും അത് അപലപനീയമാണെന്നും ഭാരവാഹികളെ നിരുത്സാഹപ്പെടുത്തരുതെന്നും പ്രത്യേകം പരാമർശിക്കപ്പെട്ടു. ക്ഷേമനിധി പതിവുപോലെ ലേലം കൊണ്ടു. അടുത്തമാസത്തെ യോഗം വാർഷികാഘോഷമായി കാരൂർ കെ.പി.കെ. സ്മാരക ഹാളിൽ 2019 ഏപ്രിൽ 28, ഞായറാഴ്ച രാവിലെ 9ന് ചേരുന്നതിനു തീരുമാനിച്ചു. വിവിധ കലാപരിപാടികൾക്കുള്ളവർ മുൻകൂട്ടി ശ്രീ. രാമചന്ദ്രൻ (9744692990), ശ്രീ. സുരേഷ് (9947467118) എന്നിവരെ അറിയിക്കണമെന്ന് താല്പര്യപ്പെട്ടു. ശ്രീ. എ.പി.എൻ. വിഷാരോടിയുടെ നന്ദിപ്രകടനത്തോടെ യോഗം അവസാനിച്ചു.

## തൃശൂർ

തൃശൂർ ശാഖയുടെ മാർച്ച് മാസത്തെ യോഗം 17-03-2019 ഞായറാഴ്ച 4 മണിക്ക് മുളങ്കുന്നത്തുകാവ് തെക്കെ പിഷാരത്ത് ശ്രീമതി വിജയം പിഷാരസ്യാരുടെ വസതിയിൽ കൂടുകയുണ്ടായി. ശ്രീ. ജി.പി. നാരായണൻകുട്ടിയുടെ നേതൃത്വത്തിൽ നാരായണീയം 5-ാം ദശകം പാരായണം ചെയ്തു. മാസ്റ്റർ ദേവനാരായണന്റെ പ്രാർത്ഥനക്കുശേഷം ശ്രീ. ശ്രീജിത്ത് ഏവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. വൈസ് പ്രസിഡണ്ട് ശ്രീ. കെ.പി. ഗോപകുമാറിന്റെ അദ്ധ്യക്ഷപ്രസംഗത്തിന് ശേഷം സെക്രട്ടറി ശ്രീ. രഘുനാഥ് മിനിറ്റ്സ് അവതരിപ്പിച്ചു. യോഗം അത് പാസ്സാക്കി. ട്രഷററുടെ അഭാവത്തിൽ കണക്കവതരണം ഉണ്ടായില്ല. കേന്ദ്ര എക്സിക്യൂട്ടീവിൽ നടന്ന പ്രധാന വിഷയങ്ങൾ സെക്രട്ടറി യോഗത്തെ അറിയിച്ചു. തുടർന്ന് ചർച്ചകൾക്ക് കേന്ദ്ര പ്രസിഡണ്ട് ശ്രീ. രാമചന്ദ്ര പിഷാരോടി തുടക്കമിട്ടു. ഗൃഹനാഥ ശ്രീമതി വിജയം പിഷാരസ്യാർ, അവർ പിഷാരോടിമാരുടെ കുലത്തൊഴിലായ കഴകപ്രവൃത്തി ചെയ്തു വരുന്നവരാണെന്നും എന്നാൽ സ്വസമുദായം തന്നെ കഴകം ഒരു രണ്ടാംതരം ജോലിയായി കണക്കാക്കുന്നുവെന്നും അവർക്ക് വേണ്ട പരിഗണന തരുന്നില്ല എന്നും, വിവാഹ ആലോചനകൾ പോലും ഇതു മൂലം തടസ്സപ്പെടുന്നുവെന്നും അവർ അഭിപ്രായപ്പെട്ടു. അവർ ഉന്നയിച്ച വിഷയങ്ങളിൽ തുടർചർച്ച നടത്തുകയും ഇതിന് ഒരു പരിഹാരം കാണണമെന്നും യോഗം അഭിപ്രായപ്പെട്ടു.

സമുദായ അംഗങ്ങൾ നേരിടുന്ന വിവിധതരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കൗൺസിലിങ്ങ് സെന്റർ തുടങ്ങുവാൻ കേന്ദ്രസമിതിയോട് ആവശ്യപ്പെടുവാനും യോഗം തീരുമാനിച്ചു.

തൃശൂർ ശാഖാ വാർഷികം 21-04-2019 ഞായറാഴ്ച വൈകീട്ട് 4 മണി മുതൽ 8 മണിവരെ തൃശൂർ ആസ്ഥാനമന്ദിരത്തിൽ ഭക്ഷണത്തോടും, വിവിധ കലാപരിപാടികളോടും കൂടി നടത്തുവാൻ തീരുമാനിച്ചു. ക്ഷേമനിധിക്ക് ശേഷം ശ്രീ. വിനോദിന്റെ നന്ദിപ്രകടനത്തോടുകൂടി യോഗം അവസാനിച്ചു.

## കോട്ടയം

മുൻ നോട്ടീസനുസരിച്ച് പിഷാരടിസമാജം കോട്ടയം ശാഖയുടെ 2019 മാർച്ച് മാസത്തെ യോഗം 9-ാം തിയ്യതി ഏറ്റുമാനൂർ രാമപിഷാരടിയുടെ ഭവനത്തിൽ വച്ചുകൂടി. ഹൃദ്യ അനൂപ് ഈശ്വരപ്രാർത്ഥന ചൊല്ലി. ഗൃഹനാഥൻ ശ്രീ. രാമപിഷാരടി സ്വാഗതം ആശംസിച്ചു. ശാഖാ പ്രസിഡണ്ട് ശ്രീ. ഏറ്റുമാനൂർ അശോക്കുമാർ അധ്യക്ഷനായിരുന്നു. സെക്രട്ടറി പി.എൻ.എസ്. പിഷാരടി റിപ്പോർട്ട് അവതരിപ്പിച്ചു. ഈ വർഷം വാർഷികയോഗം ബാംഗ്ലൂരിൽ വച്ചാണെന്ന് പ്രസിഡണ്ട് അറിയിച്ചു. വാർഷികയോഗത്തിൽ കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കണം എന്ന് തീരുമാനിച്ചു. പുതിയ ക്ഷേമനിധി തുടങ്ങാൻ നിശ്ചയിച്ചു. ക്ഷേമനിധി, തംബോല നറുക്കെടുപ്പുകൾ നടന്നു. പൊതു ചർച്ചകൾക്ക് ശേഷം ശ്രീ. കൃഷ്ണപിഷാരടി കൃതജ്ഞത രേഖപ്പെടുത്തി. യോഗം സമംഗളം പര്യവസാനിച്ചു.

## യു.എ.ഇ.

പിഷാരോടി സമാജം യു.എ.ഇ. ശാഖയുടെ മാർച്ച് മാസത്തെ യോഗം 15-03-2019 വെള്ളിയാഴ്ച ശ്രീ. ഉണ്ണികൃഷ്ണൻ ടി.പിയുടെ ഭവനത്തിൽ വെച്ച് നടത്തി.

ഗൗരി ഉണ്ണികൃഷ്ണൻ പ്രാർത്ഥന ചൊല്ലി യോഗം വൈകീട്ട് 5ന് ആരംഭിച്ചു.

ആതിഥേയൻ ശ്രീ. ഉണ്ണികൃഷ്ണൻ ഏവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. യോഗത്തിൽ സന്നിഹിതരായിരുന്ന ഹ്രസ്വസന്ദർശ

നത്തിലുള്ള തൃശൂർ ശാഖാ പ്രസിഡണ്ട് ശ്രീ. അച്ചുതൻ പിഷാരോടിക്ക് പ്രത്യേക സ്വാഗതം അർപ്പിച്ചു. ശാഖാദ്ധ്യക്ഷൻ ശേഖരൻ അദ്ധ്യക്ഷം വഹിച്ചു.

ഈയിടെ നിര്യാതനായ ശ്രീ. സുധീർഗോപി, അകതിയൂർ പുതുമന പിഷാരത്ത് ജനാർദ്ദനൻ (ശാഖാ രക്ഷാധികാരി ശ്രീ. പി. നാരായണന്റെ ബന്ധു) എന്നിവരുടെയും മറ്റു സമുദായാംഗങ്ങളുടെയും ദേഹവിയോഗത്തിൽ പ്രണാമം അർപ്പിച്ചു ഒരു നിമിഷം മൗനപ്രാർത്ഥന നടത്തി.

ശാഖാ പ്രസിഡണ്ട് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ യോഗത്തിൽ വിശിഷ്ടാതിഥി ആയി എത്തിയ ശ്രീ. അച്ചുതൻ പിഷാരോടിക്കും (തൃശൂർ ശാഖാ പ്രസിഡണ്ട്) കുടുംബത്തിനും, പിന്നെ ശ്രീ. ഗോവിന്ദൻ പിഷാരോടി, ശ്രീമതി ഉഷാ ഗോവിന്ദൻ എന്നിവർക്കും, പിന്നെ യോഗത്തിൽ സന്നിഹിതയായ തൃശൂർ ആനായത്ത് പിഷാരത്ത് രമണി പിഷാരസ്യാർക്കും (ശാഖാംഗം അഞ്ജലി കരുണാകരന്റെ അമ്മ) പ്രത്യേകം നന്ദി അറിയിച്ചു.

ശ്രീ. അച്ചുതൻ പിഷാരോടി യോഗത്തെ അഭിസംബോധന ചെയ്തു. യു.എ.ഇ. ശാഖയുടെ പ്രവർത്തനത്തിൽ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി. ശാഖയുടെ വിവിധ സഹായങ്ങൾ കേന്ദ്ര ശാഖാ പ്രവർത്തനങ്ങളിൽ ലഭിച്ചിരുന്നതിനെ അദ്ദേഹം പ്രതിപാദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

പെൻഷൻ ഫണ്ടിലേക്കുള്ള ഒരുവർഷത്തെ സംഭാവന അഡ്വാൻസ് ആയി അയക്കാൻ കേന്ദ്രത്തിൽ നിന്നും ആരാഞ്ഞതായി ഖജാൻജി ശ്രീ. രാമചന്ദ്രൻ യോഗത്തിൽ അറിയിച്ചു. അതിന്റെ ആവശ്യകത എന്താണ് എന്നു അറിയാത്തതിനാൽ, ജൂലൈ മാസം വരെയുള്ള സംഭാവനകൾ ശേഖരിക്കുകയും ഉടൻ തന്നെ അയക്കാനും തീരുമാനിച്ചു.

യു.എ.ഇ. ശാഖ രണ്ട് വാട്സാപ്പ് ഗ്രൂപ്പ് എന്തിനാണ് ഉപയോഗിക്കുന്നത് എന്ന് യോഗത്തിൽ സംശയം ഉന്നയിച്ചു. രണ്ടാമത്തെ ഗ്രൂപ്പ് കമ്മിറ്റി മെമ്പേഴ്സിനും പിന്നെ ശാഖാ കുറിയിൽ അംഗങ്ങളായവർക്കും മാത്രമാണെന്നും, മാസയോഗങ്ങളിൽ കമ്മിറ്റി മെമ്പേഴ്സിനും കുറിയിൽ അംഗമായവരെയും മാത്രമേ ക്ഷണിക്കാറുള്ളൂ എന്നും, ആയതിനാലാണ് രണ്ട് ഗ്രൂപ്പുകൾ എന്നും അറിയിച്ചു. യു.എ.ഇ. ശാഖയിലെ ഏതെങ്കിലും അംഗങ്ങൾക്ക് ഗ്രൂപ്പിൽ അംഗമാകണമെങ്കിൽ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ സന്നദ്ധതയും അറിയിച്ചു.

മാസകുറിയിൽ രണ്ടുപേരെകൂടി ഉൾപ്പെടുത്തി 12 നറുക്കെടുപ്പുള്ളതാക്കി. ഈ മാസത്തെ കുറിയിൽ ശ്രീ. എ.പി. വിജയൻ വിജയിയായി.

യോഗശേഷം പ്രണവ് ഗോപി ഗാനം ആലപിച്ചത് ഏവരും ആസ്വദിച്ചു. തുടർന്ന് ശ്രീ. ഗോവിന്ദപിഷാരോടി ആലപിച്ച ഗാനം കർണാനന്ദകരമായി.

ശ്രീ. രഘുരാജ് കെ.പി., ആതിഥേയൻ ശ്രീ. ഉണ്ണികൃഷ്ണനും ശ്രീമതി അഞ്ജലിക്കും യോഗത്തിൽ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി. യോഗത്തിൽ പങ്കെടുത്ത ശ്രീ. അച്ചുതൻ പിഷാരോടിക്കും കുടുംബത്തിനും, പിന്നെ ശ്രീ. ഗോവിന്ദ പിഷാരോടി ശ്രീമതി ഉഷ ഗോവിന്ദൻ എന്നിവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തി. യോഗം 6 മണിക്ക് പിരിഞ്ഞു.

## ഇരിങ്ങാലക്കുട

ഇരിങ്ങാലക്കുട ശാഖയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 17-03-2019ൽ ഇരിങ്ങാലക്കുട കല്ലങ്കര പിഷാരത്ത് വെച്ച് മായാസുന്ദരേശന്റെ പ്രാർത്ഥനയോടെ 4 മണിക്ക് ആരംഭിച്ചു. ഗൃഹനാഥൻ സുന്ദരേശൻ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ശേഷം അന്തരിച്ച സമുദായ അംഗങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തി. കേന്ദ്ര എക്സിക്യൂട്ടീവിൽ ചർച്ച ചെയ്ത കാര്യങ്ങൾ പ്രസിഡണ്ട് മായാസുന്ദരേശൻ യോഗത്തിൽ അവതരിപ്പിച്ചു. മഞ്ചേരി ശാഖയുടെ കീഴിൽ വന്ന സ്ഥലത്തെ സംബന്ധിച്ച തീരുമാനങ്ങൾ എല്ലാ ശാഖകളുടെയും പൊതുവായ അഭിപ്രായവും പ്രായോഗികവും സാമ്പത്തികവും വിലയിരുത്തി മുന്നോട്ട് പോകാമെന്നാണ് യോഗത്തിന്റെ അഭിപ്രായം. വടക്കാഞ്ചേരി ശാഖാമന്ദിരത്തിന്റെ അറ്റകുറ്റപണികൾക്ക് ഇരിങ്ങാലക്കുട ശാഖ 5000 രൂപ അഡ്വാൻസ് ആയി നൽകിയത് യോഗം അംഗീകരിക്കുകയും തീരുമാനത്തിൽ സന്തോഷവും രേഖപ്പെടുത്തി. യോഗത്തിലെ പ്രധാന വിഷയമായ ക്ഷേമനിധി നടത്തിപ്പ് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തു. ഏപ്രിൽ മുതൽ ആരംഭിക്കുന്ന വിവരം അംഗങ്ങളെ അറിയിക്കുവാൻ തീരുമാനിച്ചു. ചൊവ്വര ശാഖാ പ്രതിനിധി വിഷ്ണു കേന്ദ്ര എക്സിക്യൂട്ടീവിൽ അറിയിച്ച എ.പി.കെ. പിഷാരോടി വിവാഹ ധനസഹായ നിധി സംബന്ധിച്ച് അഭിനന്ദനം രേഖപ്പെടുത്തി. ഗസ്റ്റ്ഹൗസ്, തുളസീദളം, വെൽഫെയർ സൊസൈറ്റി എന്നിവയുടെ

# ആദരാഞ്ജലികൾ

## മാധവി പിഷാരസ്യാർ

പാലൂർ പുത്തൻപിഷാരത്ത് മാധവിപിഷാരസ്യാർ (കുഞ്ഞുക്കുട്ടി) (84) 04-03-2019ന് നിര്യാതയായി. ഭർത്താവ് പരേതനായ കീഴീട്ടിൽ പിഷാരത്ത് രാഘവപിഷാരോടി. സഹോദരങ്ങൾ: നാരായണിപ്പിഷാരസ്യാർ, കൃഷ്ണപ്പിഷാരോടി, പരേതരായ നാരായണപ്പിഷാരോടി, രാധ പിഷാരസ്യാർ.

## ജനാർദ്ദനപിഷാരോടി

അകതിയൂർ പുതുമന പിഷാരത്ത് ജനാർദ്ദനപിഷാരോടി (64) 05-03-2019ന് ലക്നോവിൽ നിര്യാതനായി. ഭാര്യ: കാണിനാട് പടിഞ്ഞാറെ പിഷാരത്ത് ഉഷ. മക്കൾ: ജതിൻ, ഉദിത്. മരുമകൾ: നികിത.

## ദേവകി പിഷാരസ്യാർ

പോട്ടയിൽ പിഷാരത്ത് ദേവകി പിഷാരസ്യാർ (86) 07-03-2019ന് നിര്യാതയായി. ഭർത്താവ്: പരേതനായ ആണ്ടാള പിഷാരത്ത് കൃഷ്ണപിഷാരോടി. മക്കൾ: വിജയം, നാരായണൻ, ഗിരിജ. മരുമക്കൾ: മധുസൂദനൻ, പ്രഭാവതി.

## അനൂപ് വിശ്വനാഥ്

കോലഞ്ചേരി കടമറ്റം വൃന്ദാവനത്തിൽ അനൂപ് വിശ്വനാഥ് (36) നിര്യാതനായി. മാതാപിതാക്കൾ തിരുമാറാടി മാമ്പിള്ളി പിഷാരത്ത് വിശ്വനാഥൻ, കൈലാസപുരത്ത് പിഷാരത്ത് അംബിക.

## സുഭദ്ര പിഷാരസ്യാർ

ചെറുകുന്ന് തെക്കേവീട്ടിൽ സുഭദ്ര പിഷാരസ്യാർ (ചേവായൂർ, കോഴിക്കോട്) (83) 12-03-2019ന് നിര്യതയായി. ഭർത്താവ്: ചക്രത്ത് പിഷാരത്ത് ഉണ്ണികൃഷ്ണപിഷാരോടി (കോഴിക്കോട് ശാഖാ രക്ഷാധികാരി. മക്കൾ: വേണുഗോപാലൻ (റിട്ട. എൽ.ഐ.സി.), സരസ്വതി (കോയമ്പത്തൂർ), അനിൽ കുമാർ (പൂനെ), അനിത (കോഴിക്കോട്), പരേതനായ നാരായണൻ (ബാബു).

## ഗോവിന്ദ പിഷാരോടി

കല്ലുവഴി അയ്യപ്പൻകാവിൽ പിഷാരത്ത് ഗോവിന്ദപിഷാരോടി (93) 24-03-2019ന് നിര്യാതനായി. ഭാര്യ പുതൂർ പിഷാരത്ത് രുഗ്മിണി പിഷാരസ്യാർ. മക്കൾ: നാരായണൻ, ലീല, പരേതനായ ഹരിഗോവിന്ദൻ, കൃഷ്ണൻകുട്ടി (ഉണ്ണി), സുമംഗല, രമ. മരുമക്കൾ: ശൈലജ, അരവിന്ദാക്ഷൻ, വിജയലക്ഷ്മി, ഗോപിനാഥൻ, നന്ദകുമാർ.

## ലീല പിഷാരസ്യാർ

ഷൊർണൂർ കവളപ്പാറ സ്രാമ്പിക്കൽ പിഷാരത്ത് ലീല പിഷാരസ്യാർ (79) 13-03-2019ന് നിര്യാതയായി. ഭർത്താവ് പരേതനായ കരിമ്പുഴ പഴയ പിഷാരത്ത് കൃഷ്ണപിഷാരോടി. മക്കൾ: സുമംഗലാദേവി, കൃഷ്ണദാസ് (മുംബൈ), രാമപ്രസാദ്. മരുമക്കൾ: നാരായണൻകുട്ടി, രമ്യ, ജിഷ.

## ഭരതപിഷാരോടി

വടക്കാഞ്ചേരി ശാഖാ രക്ഷാധികാരി എം.പി. ഭരതപിഷാരോടി (ശ്രീകൃഷ്ണപുരം മണ്ണംപറ്റ മഠത്തിൽ പിഷാരം) (85) 19-03-2019ന് നിര്യാതനായി. ഭാര്യ: ആറ്റൂർ പിഷാരത്ത് മാലതി പിഷാരസ്യാർ. ●

---

പ്രവർത്തനത്തെപ്പറ്റി വിലയിരുത്തി. മെയ് 14 മുതൽ കൂടൽമാണിക്യം ക്ഷേത്രത്തിൽ പത്തു ദിവസം ഉത്സവം ആയതിനാൽ ആ സമയം കേന്ദ്ര വാർഷികം വന്നാൽ ശാഖാ പ്രതിനിധികളുടെ സാന്നിധ്യം കുറയുമെന്നും വിലയിരുത്തി. അടുത്ത യോഗം ഏപ്രിൽ 19ന് മാപ്രാണത്ത് പുത്തൻപിഷാരത്ത് ചന്ദ്രമതി ഉണ്ണികൃഷ്ണന്റെ ഭവനത്തിൽവെച്ച് വൈകീട്ട് 3.30ന് കൂടുവാൻ തീരുമാനിച്ചു. ശ്രീ. വി. പി. രാധാകൃഷ്ണന്റെ നന്ദിപ്രകടനത്തോടെ യോഗം 5.30ന് പിരിഞ്ഞു. ●

സമാജം/എഡ്യു. സൊസൈറ്റി/ട്രസ്റ്റ് പ്രസിഡണ്ടിന്റെ മേൽവിലാസം

**ശ്രീ. എ. രാമചന്ദ്ര പിഷാരോടി**

പിഷാരോടി സമാജം, മെയിൻ റോഡ്, ഉദയനഗർ, അയ്യന്തോൾ, തൃശ്ശൂർ, പിൻ-680 003

ഫോൺ: 0487-2332390, 9495131090

ജനറൽ സെക്രട്ടറിയുടെ വിലാസം

**ശ്രീ. കെ.പി. ഹരികൃഷ്ണൻ**, രാമപുരത്ത് പിഷാരം, ചിറ്റിശ്ശേരി പി.ഒ., മണലി, തൃശൂർ, പിൻ-680301. Ph: 9447329698. Email: kphpisharody@gmail.com

ട്രഷറർ - **ശ്രീ. എ. കൃഷ്ണദാസൻ**, സൗപർണ്ണിക, കരുവമ്പലം പി.ഒ, കൊളതതൂർ (വഴി) മലപ്പുറം (ജില്ല), പിൻ- 679 338 ഫോൺ- 9446409208- Email: krishnadasan100655@gmail.com

പിഷാരോടി എഡ്യൂക്കേഷണൽ & വെൽഫെയർ സൊസൈറ്റി സെക്രട്ടറിയുടെ മേൽവിലാസം

**ശ്രീ. വി.പി. മധു**, "ഉഷസ്സ്", പാലസ് റോഡ്, ചൊവ്വര പി.ഒ., പിൻ-683571, ആലുവ

ഫോൺ: 9349433322. Email: madhuvp2008@yahoo.com

ട്രഷറർ - **ശ്രീ. രാജൻ പിഷാരോടി**, ത്രി ബംഗ്ലാവ്സ്, കൈനില ശിവക്ഷേത്രത്തിന് സമീപം, കാറളം പി.ഒ., കരുവന്നൂർ (വഴി), തൃശൂർ - 680 711. ഫോൺ: 09819512811

പിഷാരോടി സമാജം "വെബ്സൈറ്റി"ലേക്കുള്ള മാറ്ററുകൾ അയക്കേണ്ട മേൽവിലാസം

**Sri. MURALEEDHARAN.V.P.**,

A-18, Jalaram Deep C.H.S., Ambika Nagar, Gogresswadi, Dombvli (East)

Pin - 421 201. Phone: 0251-2476624, Mob: 09004359099, e-mail: muralivp@hotmail.com

ഗുരുവായൂർ ഗസ്റ്റ്ഹൗസ് ഫണ്ടിലേക്കുള്ള സംഖ്യകൾ Pisharody Pilgrimage & Tourism Development Trust എന്ന പേരിൽ തൃശൂർക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് അയക്കേണ്ട മേൽവിലാസം

**ശ്രീ. കെ.പി. ഗോപകുമാർ**

"പിഷാരം", 23/274, പന്തളത്ത് ലെയിൻ, കാനാട്ടുകര, തൃശൂർ - 680 011

ഫോൺ: 9447085983. Email: rvgopakumar7@gmail.com.

ഗസ്റ്റ് ഹൗസ് സംബന്ധമായ കാര്യങ്ങൾ 0487-2558801, 2558802 എന്ന ഫോൺ നമ്പറിൽ അന്വേഷിക്കാവുന്നതാണ്.

ട്രഷറർ - **ശ്രീ. എം.പി ഉണ്ണികൃഷ്ണൻ**, വിഷ്ണുപാദം (നടുവിൽ പിഷാരം), വാടാനംകുറിശ്ശി പി.ഒ, ഷൊർണ്ണൂർ (വഴി), പാലക്കാട് (ജില്ല) പിൻ- 679 121

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം തുടങ്ങിയവ അയക്കേണ്ട വിലാസം

**ശ്രീ. ഗോപൻ പഴുവിൽ** (എഡിറ്റർ, തുളസീദളം)

"സാരസ്വതം", ഇക്കണ്ടവാരിയർ റോഡ്, എടക്കുന്നി, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.

മൊബൈൽ: 9495225979. e-mail: gopanpazhuvil@gmail.com

തുളസീദളത്തിൽ പ്രസിദ്ധീകരിക്കേണ്ട കഥ, കവിത, ലേഖനം, ശാഖാവാർത്തകൾ തുടങ്ങിയവ അയക്കേണ്ട മറ്റൊരു ഇ-മെയിൽ വിലാസം: thulaseedalamedb@gmail.com

"തുളസീദള"ത്തിലേക്കുള്ള പരസ്യങ്ങൾ, വരിസംഖ്യ, സംഭാവന, പരസ്യച്ചാർജ്ജ് എന്നിവ **THULASEEDALAM** എന്ന പേരിൽ ചെക്കായോ ഡ്രാഫ്റ്റായോ NEFT ആയോ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. അയക്കേണ്ട വിലാസം:

**മാനേജർ, ശ്രീ. പി. മോഹനൻ,** 'കൃഷ്ണപ്രസാദം', പുത്തൻപിഷാരം, മാപ്രാണം, മാടായിക്കോണം (പി.ഒ.) തൃശൂർ ജില്ല, പിൻ-680712.

ഫോൺ: 9895048943. E-mail: thulaseedalamedb@gmail.com


ചെക്ക്, ഡ്രാഫ്റ്റ് എന്നിവ അയച്ച വിവരവും NEFT ചെയ്ത വിവരവും മാനേജരെ ഫോൺ മുഖാന്തിരം അറിയിക്കേണ്ടതാണ്.

ബാങ്ക് വഴിയുള്ള ഇടപാടുകൾക്ക് **THULASEEDALAM**

**SB A/c No. 0721101055775** **Canara Bank**

**IFSC Code: CNRB0000721** **West Palace Road, Thrissur.**

പിഷാരോടിമാരുടെ
പിഷാരോടി സമാജത്തിന്റെ
അക്ഷരനാവാണ്

# തുളസീദളം




**വായിക്കുക**

**വരിക്കാരാവുക**

**പ്രചരിപ്പിക്കുക**

**പരസ്യങ്ങൾ സംഘടിപ്പിച്ച് സഹകരിക്കുക.**

# THULASEDALAM

RNI Reg: No.36078/1981
Published on 07-04-2019

Posted at RMS, Thrissur

Registered Regn. No.: KL/TCR/281/2016-2018
April 2019, Price-15.00












## Facilities

- 5 Well-equipped operation theaters
- Post-operative & medical ICU
- Ventilator therapy
- 24 hrs emergency
- 24 hrs Lab
- 24 hrs X-ray
- ECG
- Ultrasound scan
- 2D Echocardiogram
- Pharmacy
- Canteen
- Medical health checkup
- Computerised TMT

## Departments & Doctors

**ANAESTHESIOLOGY**
Dr. KRISHNAN K. PISHAROTI MBBS, DA
Dr. JAIN E.V. MBBS, DA

**CARDIOLOGY**
Dr. DEEPAK NANDAN MD, DM

**CLINICAL PATHOLOGY**
Dr. S.M. BALAGOPALAN MBBS, DCP

**DENTAL SURGERY**
Dr. THARIAN B. EMMATTY MDS

**DERMATOLOGY**
Dr. V. RAMANKUTTY MBBS, DVD

**ENT**
Prof. Dr. N. SWAMINATHAN DLO MS
Dr. P.T. ARUN KUMAR MS, DNB, MNAMS

**GEN MEDICINE**
Dr. O.A. RAMANATHAN MD
Dr. SABITHA KRISHNAMURTHY MD (INTERNAL MED)

**GEN SURGERY**
Dr. KESAVAN NAMBOOTHIRI MS

**GASTRO SURGERY (LAP)**
Dr. V.P. MDHAVAN MS, DNB, MCh, MRCS

**MAXILLO FACIAL SURGERY**
Prof. Dr. VARGHESE MANI MDS

**OBSTETRICS & GYNAECOLOGY**
Dr. NARAYANAN PISHAROTY MBBS, DGO
Dr. K. RAMANI MD, DGO
Dr. MEERA K. DGO, DNB
Dr. SREEJA K.S. M.S., DGO
Dr. KRISHNANKUTTY MD, DGO, FICOG
Dr. NIRMAL KRISHNAN MS, DGO

**OTHOPAEDICS & SPORTS MEDICINE**
Dr. SIMON MATHEW MS (Orth), MCh(Orth)
Fellow in Arthroplasty
Dr. ANTONY JOSEPH THOPPIL MS (Orth),
Fellow in Arthroplasty
Dr. KRISHNAKUMAR M.
Fellow in Reconstructive Orthopaedics & Ilizarov Surgery

**PAEDIATRICS & NEONATOLOGY**
Dr. SHOBA VIJAYAN MD, DCH, DNB
Dr. P.S. SANGAMESWARAN MBBS, DCH
Dr. KF. MANAVALAN MBBS, DCH

**PAEDIATRIC SURGERY**
Prof. Dr. P.K. NARAYANANKUTTY MS, MCh

**PULMONOLOGY**
Dr. (Col.) V.P. GOPINATHAN
MD, MNAMS, DNB

## TIHANS

**PLASTIC SURGERY**
Dr. SUBRAMANYA IYER
MS, MCh, FRCS
Dr. JAYAKRISHNAN K. MS, MCh

**RADIOLOGY**
Dr. LALY A. KANNATH MBBS, DMRD
Dr. JERRY MALIAKKAL, MD, DNB

**UROLOGY**
DR. JOJU VARGHESE AKKARA
MS, MCH, DNB

**OTHER FACILITIES**

**PHYSIOTHERAPY**
MR. P.V. PRASOB MPT

**AUDIOLOGY & SPEECH THERAPY**
MRS. MANJUSHA MSc

**PRANAYOGA**
ANIL. M.K. VICTOR MD (AM),
DPH, DNYS
(Holistic Health Consultant)

SAROJA
SINCE 1967
A MULTI SPECIALITY HOSPITAL

Shornur Road, Thrissur, Kerala, India- 680 022, Ph: 0487-2335 145 / 185, 2321 091 contact@sarojahospital.com, sarojahospital.com.



Printed and Published by Sri. K.P. Harikrishnan, General Secretary
For Pisharody Samajam at Kala Offset Printers, Punkunnam, Thrissur
Chief Editor: Smt. Rema Prasanna Pisharody